കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മാറാക്കര ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.13/1826/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം

തിയ്യതി 23-08-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാറാക്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മാറാക്കര ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലും ഭാഗം 3ലെ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

mac9/17

നം. .എസ്.എ.എം.പി.എം 13/1826/2017 തിയ്യതി: 23-08-2017

<u>മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 06-11-2016 മുതൽ 23-07-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 24-07-2017 മുതൽ 01-08-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സുരേഷ് പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുന്നാസർ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അഷ്‌റഫ് കെ പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. മുഹമ്മദ് ഫാസിൽ ടി ടി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. മധുസൂധനൻ | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി. അനിത.ജെ.സ്റ്റീഫൻ | 01.04.2016 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. മനോജ്.വി | 01.04.2016 മുതൽ 31.12.2016 വരെ |
| | ഒഴിവ്(01.01.2017 മുതൽ 15.01.2017 വരെ) | |
| | ശ്രീമതി. ബിന്ദു വി ആർ | 16.01.2017 മുതൽ 31.03.2017 വരെ |
| അസി. എഞ്ചിനിയർ | ശ്രീമതി. സംഗീത പദ്മരാജൻ | 01.04.2016 മുതൽ 31.05.2016 വരെ |
| | ശ്രീമതി. ഗ്രേഷ്യസ് എം ജോൺ | 01.06.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ശ്രീ.സുജിത്ത്. എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ. മാത്യു ജോർജ്ജ് | 01.04.2016 മുതൽ 25.04.2016 വരെ |
| | ശ്രീ.രമേഷ് കുമാർ | 26.04.2016 മുതൽ 14.11.2016 വരെ |
| | ശ്രീമതി.നിമിഷ സാറ ജെയിംസ് | 15.11.2016 മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജൻ | ഡോ. പ്രീത എസ് കറിയ | 01.04.2016 മുതൽ 07.07.2016 വരെ |
| | ഡോ.മിഥുൻ ഒ.വി | 08.07.2016 മുതൽ 07.08.2016 വരെ |
| | ഡോ. പ്രീത എസ് കറിയ | 08.08.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കാർത്യായനി | 01.04.2016 മുതൽ 25.12.2016 വരെ |
| | ശ്രീമതി.ഗ്രീഷ്മ ടി എൻ | 26.12.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. അബ്ദുറഹ്മാൻ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.അഹമ്മദ് | 01.04.2016 മുതൽ 23.06.2016 വരെ |
| | ഡോ.ഗീത എം ടി | 24.06.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 12 | ഇ- ടെണ്ടർ ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നില്ല- ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ട്രാൻസ്ഫർ ചെയ്തിട്ടില്ല | 2-1 | |
| 13 | വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടാവുന്നു | 2-2 | |
| 14 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-3 | |
| 15 | ഡി ആന്റ് ഒ ലൈസൻസ് പുതുക്കലും ഫീസ് ഫീസ് പിരിവും- അപാകതകൾ | 2-4 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 16 | പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന്റെ 1.72 കോടി അസാധുവായി (Lapsed) | 3-1 | |
| 17 | ചക്കര ചമ്മാട് കുടിവെള്ള പദ്ധതി - ബാക്കി തുക സഞ്ചിത നിധിയിലേക്ക് അടവാക്കിയില്ല | 3-2 | |
| 18 | പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മരുന്നുകൾ ലഭ്യമായില്ല | 3-3 | |
| 19 | എം.എൻ.ആർ.ഇ.ജി.എസ്-മെറ്റീരിയൽ വർക്കുകൾ- ആദായ നികുതി ഈടാക്കിയിട്ടില്ല | 3-4 | |

| | | | |
|---|---|---|---|
| 20 | പ്രതീക്ഷ ഡെകെയർ സെൻററിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. | 3-5 | |
| 21 | ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ ലഭ്യമായില്ല | 3-6 | |
| 22 | കേരളോത്സവം - മുഴുവൻ ചെലവ് രേഖകളും ലഭ്യമായിട്ടില്ല | 3-7 | |
| 23 | ആനുപാതിക പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല | 3-8 | |
| 24 | തിരുന്നാവായ കുടിവെള്ളപദ്ധതിക്ക് പൈപ്പലൈൻ നീട്ടൽ - അപാകതകൾ | 3-9 | |
| 25 | വിനിയോഗവിവരം ലഭിച്ചിട്ടില്ല | 3-10 | |
| 26 | ആശ്രയപദ്ധതി പ്രവർത്തനങ്ങൾ ആശാവഹമല്ല | 3-11 | |
| 27 | പരിരക്ഷ- പുതുക്കിയ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-12 | |
| 28 | മാറാക്കര വിദ്യാഭ്യാസ വികസന കേന്ദ്രം - ഹോണറേറിയം നൽകിയതിലെ അപാകത | 3-13 | |
| 29 | എക്സ്പയറി കാലയളവ് പരിശോധിക്കാതെ മൃഗാശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങി | 3-14 | |
| 30 | മുൻകൂർ തുക കൈപ്പറ്റിയിട്ടും ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നില്ല | 3-15 | |
| 31 | ഗുണഭോക്തൃ വിഹിതം ഈടാക്കാതെ ഗ്രോബാഗ് വിതരണം ചെയ്തു | 3-16 | |
| 32 | വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ | 3-17 | |
| 33 | കലം കമ്പോസ്റ്റ് - നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ | 3-18 | |
| 34 | തെരുവു നായ നിയന്ത്രണ പദ്ധതി - തുക വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 3-19 | |
| 35 | ഗ്രാമപഞ്ചായത്ത് ഗ്രന്ഥ ശാല പ്രവർത്തിക്കുന്നില്ല | 3-20 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 39 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 40 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 41 | ഓഡിറ്റ് റിക്കവറി | 4-6 | |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ | 4-7 | |

| | | | |
|---|---|---|---|
| | വിശദാംശം | | |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 45 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 46 | Audit Certificate | 2 | |
| 47 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 48 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 49 | ബാലൻസ് ഷീറ്റ് | 5 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 12-03-2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | ഓൺലൈനായി ലഭിച്ച തീയതി |
|---|---|---|---|
| 2016-17 | 31/07/2017 | 29/06.2017 | 06/07/2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 25.07.2017 മുതൽ 26.07.2017 വരെ | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

വാർഷിക കണക്ക് പരിശോധന - അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. പഞ്ചായത്ത് ഓൺലൈനായി എയിംസ് സോഫ്റ്റ്‌വെയറിൽ സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും ഓഫ്‌ലൈനായി സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും തമ്മിൽ വ്യത്യാസമുണ്ട്. ബാലൻസ് ഷീറ്റിലെ തുകകൾ തമ്മിലും ഇൻകം ആന്റ് എക്സ്പൻഡീച്ചർ തുകകൾ തമ്മിലും പൊരുത്തപ്പെടുന്നില്ല. എന്നാൽ ഇവ രണ്ടിലേയും ഷെഡ്യൂളിലെ തുകകൾ പൊരുത്തപ്പെടുന്നുണ്ട്.

| ഇനം | ഓൺലൈൻ വാർഷിക ധനകാര്യ പത്രിക (ഇ- സബ്മിഷൻ dated | ഓഫ്‌ലൈൻ വാർഷിക ധനകാര്യ പത്രിക (ലോക്കൽ ഡെലിവറി |
|---|---|---|

| | | | | |
|---|---|---|---|---|
| | 06.07.2017 aims software) | | മുഖേന ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ 29.06.2017 ലഭിച്ചു. AFS printed on 14.06.2017) | |
| | ആകെ ആസ്തി/വരുമാനം | ആകെ ബാധ്യത/ചെലവ് | ആകെ ആസ്തി/വരുമാനം | ആകെ ബാധ്യത/ചെലവ് |
| ബാലൻസ് ഷീറ്റ് സംക്ഷിപ്തം | 5,65,76,230 | 5,65,76,230 | 6,35,73,688 | 6,35,73,688 |
| ഇൻകം ആന്റ് എക്സ്പൻഡീച്ചർ സ്റ്റേറ്റ്മെന്റ് സംക്ഷിപ്തം | 10,28,34,630 | 10,12,85,239 | 10,84,68,905 | 10,12,85,239 |

2. താഴെ പറയുന്ന തുക നാളിതു വരെ ക്രമീകരിച്ചിട്ടില്ല.

a) പഞ്ചായത്ത് തനതു ഫണ്ട് സൂക്ഷിക്കുന്ന MDCB അക്കൗണ്ടിൽ താഴെ പറയുന്ന ചെക്കുകൾ വിതരണം ചെയ്തിരുന്നുവെങ്കിലും നാളിതു വരെ ഗുണഭോക്താക്കൾ കൈപറ്റിയിട്ടില്ല.

| വൗച്ചർ നമ്പർ | വൗച്ചർ തിയ്യതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തിയ്യതി | തുക (₹) |
|---|---|---|---|---|
| 21500653 | 15.12.2015 | 3735 | 15.12.2015 | 2,400 |
| 21400509 | 14.10.2014 | 1780 | 14.10.2014 | 336 |
| | | | ആകെ | 2,736 |

ടി തുക അധികമായി ബാങ്ക് അക്കൗണ്ടിൽ കിടക്കുന്നതിനാൽ ഓരോ മാസവും ബാങ്ക് ബുക്ക് പാസ്ബുക്കുമായി പൊരുത്തപ്പെടുത്തേണ്ടി വരുന്നതിനാൽ ടി തുക ബാങ്ക് ബുക്കിലെ തുകയോട് കൂട്ടി വരുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. ആയത് ക്രമപ്രകാരമല്ല.

b) പഞ്ചായത്ത് തനതു ഫണ്ട് സൂക്ഷിക്കുന്ന MDCB അക്കൗണ്ടിൽ താഴെ പറയുന്നവ കളക്ഷൻ വേണ്ടി നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ തുക ബാങ്കിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല.

| വൗച്ചർ നമ്പർ | വൗച്ചർ തിയ്യതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തിയ്യതി | തുക (₹) |
|---|---|---|---|---|
| 11502900021 | 31.03.2016 | 1 | 31.03.2016 | 3 |
| 11502900022 | 31.03.2016 | 1 | 31.03.2016 | 5342 |
| - | 31.08.2016 | 5 | | 115 |
| - | 01.10.2015 | 1 | | 13,500 |
| | | | ആകെ | 18,960 |

ടി തുക ബാങ്ക് അക്കൗണ്ടിൽ കുറവായതിനാൽ ഓരോ മാസവും ബാങ്ക് ബുക്ക് പാസ്ബുക്കുമായി പൊരുത്തപ്പെടുത്തേണ്ടി വരുന്നതിനാൽ ടി തുക ബാങ്ക് ബുക്കിൽ നിന്ന് കുറച്ച് വരുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. ആയത് കളക്ഷൻ വരുത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ സത്വരമായി

സ്വീകരിക്കേണ്ടതാണ്

3. പഞ്ചായത്ത് തയ്യാറാക്കിയ ബജറ്റ് ഫങ്ഷൻ - ഫങ്ഷണറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത്.

4. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 60 പ്രകാരം പ്രതിമാസ റസീറ്റ് ആന്റ് പെയ്മന്റ് പത്രിക അടുത്ത മാസം 10-ാം തീയ്യതിക്ക് മുമ്പായി സെക്രട്ടറി നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ധനകാര്യ സ്ഥിരം സമിതിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പട്ടിക ധനകാര്യ സ്ഥിരം സമിതിയുടെ പരിശോധനക്കും ഓഡിറ്റിനും ശേഷം കമ്മിറ്റിയുടെ ശുപാർശയോട് കൂടി തുടർന്ന് വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്ഥിരം സമിതി അധ്യക്ഷൻ സമർപ്പിക്കേണ്ടതാണ്. എന്നാൽ ആയതിൽ സമയ ക്ലിപ്തത പാലിക്കുന്നില്ല

പുതിയ ഭരണ സമിതി അധികാരത്തിൽ വന്നതിന് ശേഷം മാസാന്ത്യ പട്ടിക ധനകാര്യ സ്ഥിരം സമിതി - വൈസ് പ്രസിഡന്റ് ശ്രീമതി വി പി സമീറയുടെ അധ്യക്ഷതയിൽ കമ്മിറ്റി പരിശോധിച്ചത് ധനകാര്യ മിനട്സ് പ്രകാരം താഴെ പറയുന്ന തിയ്യതികളിലാണ്

| ധനകാര്യ സ്ഥിരം സമിതി ചർച്ച ചെയ്ത തിയ്യതി | | |
|---|---|---|
| 2015-16 | 2016-17 | 2017-18 |
| 16.12.2015 | 23.04.2016 | 27.04.2017 |
| 21.01.2016 | 26.05.2016 | 25.05.2017 |
| 27.02.2016 | 23.06.2016 | 09.06.2017 |
| 21.03.2016 | 26.05.2016 | |
| | 23.06.2016 | |
| | 07.07.2016 | |
| | 25.08.2016 | |
| | 27.09.2016 | |
| | 26.10.2016 | |
| | 15.11.2016 | |
| | 20.12.2016 | |
| | 31.01.2017 | |
| | 08.02.2017 | |
| | 17.03.2017 | |

5. വൗച്ചറുകൾ ഫണ്ടടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിച്ചിട്ടില്ല, വൗച്ചർ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

6.സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ധനകാര്യ പത്രികയിൽ താരതമ്യത്തിനായി മുൻവർഷ തുകകൾ ഉൾപ്പെടുത്താനുള്ള കോളം നിലവിലുണ്ട്.

7. വസ്തു നികുതി- തൻവർഷ ഡിമാന്റ് റജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ എന്നിവ വാർഡ് അടിസ്ഥാനത്തിൽ പ്രിന്റ് ചെയ്ത് തയ്യാറാക്കി, സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

8. വാർഷിക കണക്കിനൊപ്പം അക്കൗണ്ടുകളിൽമേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല. (അക്കൗണ്ടുമായി ബന്ധപ്പെട്ട് അപാകതകൾ പരിഹരിച്ചതിന്റെയും മറ്റ് പ്രധാന രേഖപ്പെടുത്തലുകളുടെ സംഗ്രഹം വാർഷിക ധനകാര്യപത്രികയോട് കൂടെ സൂക്ഷിച്ചിട്ടില്ല)

9. 2010-11 വർഷം മുതൽ പുതിയതായി ആർജ്ജിച്ച ആസ്തികളെ (റോഡുകൾ, അങ്കണവാടി കെട്ടിടങ്ങൾ, കിണർ, ടാങ്ക് മുതലായവ) ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സചിത്ര സോഫ്റ്റ്‌വെയറിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി പൂർത്തീകരിച്ചിട്ടില്ല

10. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 57 പ്രകാരം സെക്രട്ടറി പൊരുത്തപ്പെടുത്തൽ പത്രിക സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ലഭ്യമാക്കിയതിൽ ആയവ ചെയ്തിട്ടില്ല. ബാങ്ക് ബുക്കുകൾ പ്രിന്റ് എടുത്ത് ഓരോ മാസവും ഓരോ അക്കൗണ്ടിന്റെ യും ബാങ്ക് - പാസ്ബുക്കുമായി ഒത്തു നോക്കി പൊരുത്തപ്പെടുത്തിയിട്ടില്ല. പൊരുത്തപ്പെടുത്തൽ പത്രിക ഓരോ മാസവും 5ാം തിയ്യതിക്കകം സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ നടത്തേണ്ടതാണ്. എന്നാൽ ആയവ പാലിച്ചിട്ടില്ല

11.പഞ്ചായത്തിന് പിരിഞ്ഞു കിട്ടാനുള്ള/ ലഭിക്കാനുള്ളവയിൽ ലഭ്യത സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ വെച്ചിട്ടില്ല

12. ബാക്കിപത്രത്തിലെ ബാധ്യതാ ഭാഗത്ത് പഞ്ചായത്ത് ഫണ്ട് എന്നതിനു പകരം Muncipal (General) Fund എന്നാണ്, ആയത് മാറ്റം വരുത്തിയിട്ടില്ല.

13. എൻ ആർ ഇ ജി എസ് - കേരള ഗ്രാമീൺ ബാങ്ക്

[Income and Expenditure I-6 വരവ് & I-14(a) ചെലവ് = 2,24,67,169. കാഷ് ബുക്ക് പ്രകാരം തൻവർഷം വരവ് – 2,26,95,369, ചെലവ് 2,24,50,000/-

14. പണമിടപാടുകൾ നടക്കാത്ത താഴെ കൊടുത്തിട്ടുള്ളബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല.

| ബാങ്ക് | നീക്കിയിരിപ്പ് തുക<br>(വാർഷിക ധനകാര്യ പത്രിക പ്രകാരം) |
|---|---|
| MDCB – EMS Housing<br>അക്കൗണ്ട് നമ്പർ : CA2/4 | 4784 |

15. സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി ബാക്കി പത്രത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ധനകാര്യവർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല. താഴെ പറയുന്ന ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| ക്രമവൽകൃത രജിസ്റ്റർ | വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല |
|---|---|
| വസ്തു നികുതി ഡിമാന്റ് / കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ | വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭിച്ച ഡാറ്റയുടെ ആധികാരികത ഉറപ്പുവരുത്താനായില്ല |
| തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ | വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ | വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| വാടക | വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| റഗുറലൈസേഷൻ രജിസ്റ്റർ | വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

16. മുൻവർഷ എ.എഫ്.എസ് പരിശോധനയിൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിച്ചവയുടെ വിശദ വിവരം അക്കൗണ്ട്സിനോട് ക്കൂടെ കുറിപ്പുഫയലാക്കി ലഭ്യമാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23002508 |
| വരവ് | 4,99,34,737 |
| ആകെ | 7,29,37,245 |
| ചെലവ് | 4,55,64,258 |
| നീക്കിയിരിപ്പ് | 2,73,72,987 |

## 1-5 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | വരവ് തുക (അലോട്ട്മെന്റ്) | ആകെ വരവ് തുക | ചെലവ് തുക | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | നീക്കിയിരിപ്പ് 40(b) വാർഷിക ധനകാര്യ പത്രിക പ്രകാരം | ചെലവു ശതമാനം |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 0 | 1,46,40,958 | 1,46,40,958 | 1,37,61,615 | 8,79,343 | 0 | 94% |
| വികസന ഫണ്ട് (എസ്.സി.പി) | | 0 | 22,96,014 | 22,96,014 | 22,96,014 | 0 | 0 | 100% |
| വികസന ഫണ്ട് (ടി.എസ്.പി) | | 0 | 19,050 | 19,050 | 19,050 | 0 | 0 | 100% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 0 | 93,61,191 | 93,61,191 | 12,86,831 | 80,74,360 | 0 | 14% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 0 | 40,11,624 | 40,11,624 | 18,08,270 | 22,03,354 | 0 | 45% |
| ധനകാര്യ കമ്മീഷൻ അവാർഡ് | | 0 | 82,10,901 | 82,10,901 | 26,30,802 | 55,80,099 | 0 | 32% |
| ലോക ബാങ്ക് സഹായം | കേന്ദ്ര വിഹിതം | 0 | 17,60,310 | 17,60,310 | 12,70,308 | 4,90,002 | 0 | 72% |
| | സംസ്ഥാന വിഹിതം | 0 | 0 | 0 | 0 | 0 | 0 | 0 |
| | ആകെ | | 4,03,00,048 | 4,03,00,048 | 2,30,72,890 | 172,27,158 | | 57% |

| | | | | | | | |
|---|---|---|---|---|---|---|---|
| ബി ഫണ്ട് | 0 | 4,14,31,865 | 4,14,31,865 | 4,14,31,865 | 0 | 0 | 100% |
| എം ജി എൻ ആർ ജി എസ് | 2555 | 2,26,95,369 | 2,26,97,924 | 2,24,50,000 | _ | 2,47,924 | 99% |

# 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 265 | 7,14,15,084 | 146 | 3,09,34,376 | 3 | 116 | 46% |

# 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമ പഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 42 % വര് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ (ഇനം തിരിച്ച്) | | | | |
| വസ്തു നികുതി | 24,08,350 | 36,87,677 | | |
| സേവന നികുതി | 0 | 0 | | |
| തൊഴിൽ നികുതി | 15,37,610 | 19,54,850 | | |
| വിനോദ നികുതി | 0 | 0 | | |
| പരസ്യ നികുതി | 0 | 0 | | |
| | 39,45,960 | 56,42,527 | 16,96,567 | +43% |
| നികുതിയേതര വരവുകൾ (ഇനം തിരിച്ച്) | | | | |
| ലൈസൻസ് (ഡി ആന്റ് ഒ) | 1,48,000 | 1,64,000 | | |
| മാർക്കറ്റ് ബസ്റ്റാന്റ് | 1,23,205 | 1,64,933 | | |
| കെ പി ബി ആർ (പെർമിറ്റ്,റഗു,അപേക്ഷ ഫീസ്) | 3,82,350 | 4,81,967 | | |
| ജനന മരണ വിവാഹം | 63,620 | 53,120 | | |
| വാടക | 63,319 | 65,100 | | |
| ലേലം | 24,500 | 200 | | |
| | 8,04,994 | 9,29,320 | 1,24,326 | +15% |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | | | | |
| പാരാ മെഡിക്കൽ രജിസ്ട്രേഷൻ | 1,150 | 1,150 | | |
| റിക്കവറി | 4695 | 1,37,444 | | |

| | | | | |
|---|---|---|---|---|
| ലൈബ്രറി | 0 | 0 | | |
| പോസ്റ്റ് | 0 | 0 | | |
| പലിശ (സ്ഥിര നിക്ഷേപം) | 0 | 0 | | |
| പലിശ (ബാങ്ക് അക്കൗണ്ടുകൾ) | 1,64,462 | 89,454 | | |
| വിൽപന(ടെൻഡർ,ഫോമുകൾ,സ്റ്റോർ) | 14,050 | 2,29,870 | | |
| കൃഷി | 4,000 | | | |
| പലവക | 1980 | 0 | | |
| | 1,90,337 | 4,57,918 | 267581 | (141%) |
| ആകെ | 49,41,291 | 70,29,765 | 20,88,474 | (+) 42 % |

കുറിപ്പ് : മുൻ വാർഷിക ധനകാര്യപത്രിക പ്രകാരമാണ് 2015-16 വർഷത്തെ കണക്കുകൾ എടുത്തിട്ടുള്ളത്

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

എ) തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 67,920 | 36 |
| കർഷകതൊഴിലാളി വേതനം | 21,18,890 | 244 |
| വിധവാപെൻഷൻ | 1,42,45,120 | 1456 |
| വാർദ്ധക്യകാല പെൻഷൻ | 2,01,60,890 | 1951 |
| വികലാംഗ പെൻഷൻ | 41,24,585 | 435 |
| വിവാഹ ധനസഹായം (സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക്) | 3,80,000 | 13 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,65,260 | 23 |

ബി) സാമൂഹ്യക്ഷേമ പദ്ധതികളുടെ നിർവഹണത്തിലെ കാര്യ പ്രാപ്തി

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകളുടെ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|

| | | എണ്ണം | | | |
|---|---|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 4 | 4 | 4 | - |
| 2 | കർഷകതൊഴിലാളി വേതനം | 5 | 4 | 1 | - |
| 3 | വിധവാപെൻഷൻ | 106 | 106 | 12 | - |
| 4 | വാർദ്ധക്യകാലപെൻഷൻ | 410 | 410 | 15 | - |
| 5 | വികലാംഗപെൻഷൻ | 29 | 29 | 3 | - |
| 6 | വിവാഹ ധനസഹായം | 8 | 8 | - | - |
| 7 | 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | 0 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.07.2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7517/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

മാസ്റ്റർ ഇംകൃംബൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്,തസ്തിക, ഓഫീസിലെത്തിയ തിയ്യതി, കാലയളവ്, റിട്ടയർമെന്റ് തിയ്യതി, സ്ഥലം മാറിപ്പോയ തിയ്യതി, ഓഫീസ് വിലാസം, സ്ഥിരം മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇംകൃംബൻസി (എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങളും) രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ടി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ നിർവഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങളും ജോലി ചെയ്യുന്ന ഓഫീസ് മുതലായ വിവരങ്ങളും ലഭ്യമാക്കുന്നതിന് പ്ലാൻ സെക്ഷന് ശ്രമകരമായ ജോലിയായി മാറുന്നു. ആയതിനാൽ അടിയന്തിരമായ മാസ്റ്റർ ഇൻകൃംബൻസി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.06.2017 | 05/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.07.2017 മുതൽ 28.07.2017 വരെ | 2012-13 മുതൽ 2016-17 വരെ | ലഭിച്ചിട്ടില്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ- ടെണ്ടർ ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നില്ല- ടെണ്ടർ ഫീ ട്രാൻസ്ഫർ ചെയ്തിട്ടില്ല.

സ.ഉ.(എം.എസ്.) 318/13/ ത.സ്വ.ഭ.വ, തി-28-9-2013 , LSGD ചീഫ് എഞ്ചിനീയറുടെ 21-12-2016 ലെ സർക്കുലർ എന്നിവ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പൊതു മരാമത്ത് പ്രവർത്തികൾക്ക് ഇ- ടെണ്ടർ സമർപ്പിക്കുന്നവരിൽ നിന്നും ഓൺലൈനായി ഇ.എം.ഡി, ടെണ്ടർ ഫീ മുതലായവ സ്വീകരിക്കുന്നതിന് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ബാങ്ക് അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതുമാണെന്ന് പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.2016-17 വർഷത്തിൽ താഴെ കൊടുത്തിട്ടുള്ള പ്രൊജക്റ്റ് നിർവ്വഹണത്തിന്റെ ഭാഗമായി ഇ- ടെണ്ടർ ചെയ്തതിൽ താഴെ കൊടുത്തിട്ടുള്ള കരാറുകാർ ഓൺലൈനായി ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ അടവാക്കിയിട്ടുണ്ട്.

| പ്രവർത്തിയുടെ പേർ | കരാറുകാരന്റെ പേർ | ഇ- ടെണ്ടർ സമർപ്പിച്ച തീയതി | ടെണ്ടർ ഫീ | ഇ.എം.ഡി. | ആകെ |
|---|---|---|---|---|---|
| ആറ്റുപുറം ചെറുപറമ്പ് റോഡ് കോൺക്രീറ്റിംഗ്, പ്രൊജക്റ്റ് നമ്പർ-183/17 | മുഹമ്മദ് ബഷീർ.പി. | 10-3-2017 | 1050 | 12500 | 13550 |
| -ടി- | പി. സൈതാലിക്കുട്ടി. | 11-3--2017 | 1050 | 12500 | 13550 |
| -ടി- | അബ്ദുൽ അസീസ് കല്ലായി. | 13-3-2017 | 1050 | 12500 | 13550 |
| -ടി- | നിതിൽ എ.കെ. | 9-3 -2017 | 1050 | 12500 | 13550 |
| -ടി- | നൗഷാദ്. എ. | 12-3-2017 | 1050 | 12500 | 13550 |
| മുഴങ്ങാണി അംഗൻവാടി നിർമ്മാണം. 47/17 | പി. സൈതാലിക്കുട്ടി. | 27-1-2017 | 1680 | 20000 | 21680 |
| -ടി- | നൗഷാദ്. എ. | 27-1-2017 | 1680 | 20000 | 21680 |
| മൂർക്കനാട് ചേലക്കുത്ത് റോഡ് റീടാറിംഗ് പ്രൊജക്റ്റ് നമ്പർ-263/17 | നൗഷാദ്. എ. | 27-1-2017 | 1580 | 18780 | 20360 |
| -ടി- | സൈതാലി ക്കുട്ടി.പി. | 27-1-2017 | 1580 | 18780 | 20360 |
| പി.എച്ച്.സി. ടോയ് ലറ്റ് കോംപ്ലക്സ് നിർമ്മാണം പ്രൊജക്റ്റ് നമ്പർ-227/17 | നിതിൽ എ.കെ. | 18-3-2017 | 2100 | 25000 | 27100 |
| -ടി- | നൗഷാദ്. | 18-3-2017 | 2100 | 25000 | 27100 |
| -ടി- | അബ്ദുൽ കരീം പി.പി. | 18-3-2017 | 2100 | 25000 | 27100 |

| | | | | | |
|---|---|---|---|---|---|
| ചെറുപറമ്പ് GLPS കെട്ടിട പുനരുദ്ധാരണം<br>പ്രൊജക്റ്റ് നമ്പർ-222/17 | അബ്ദുൽ കരീം പി.പി. | 18-3-2017 | 1050 | 12500 | 13550 |
| -ടി- | പി. സൈതാലിക്കുട്ടി | 18-3-2017 | 1050 | 12500 | 13550 |
| | | ആകെ | 20170 | 240060 | 260230 |

ടെണ്ടർ ഫീയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ 20170/- ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

( ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 2-2 വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടാവുന്നു

ഗ്രാമപഞ്ചായത്തിൽ 2016-2017 വർഷത്തിൽ വസ്തുനികുതിയിനത്തിൽ വൻ തുകകൾ പിരിച്ചെടുക്കുവാനുണ്ടെന്ന് ബാക്കി പത്രത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നു. വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള) വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| തൻവർഷ കുടിശ്ശിക | 34,69,892 |
| മുൻവർഷങ്ങളിലെ കുടിശ്ശിക | 34,85,2822 |
| ആകെ | 69,55,174 |

പഞ്ചായത്ത് ഫണ്ടിലേക്ക് വരുന്ന വരവിനത്തിൽ മുഖ്യപങ്കും വസ്തു നികുതിയാണ്. എന്നാൽ വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള (100%) നടപടികൾ ഒന്നും തന്നെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തനത്ഫണ്ടിലേക്ക് ലഭ്യമാകേണ്ട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

വസ്തു നികുതി സംബന്ധിച്ച് ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പ്രിന്റ് ചെയ്ത് സംഗ്രഹം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

## 2-3 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1- സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നികുതി പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേരു മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് ഗ്രാമ പഞ്ചായത്ത് നാളിതുവരെ തുടർന്ന് വരുന്നത്. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ അസ്സസ്മെന്റ് രജിസ്റ്റർ 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) 5-ലെ മാതൃകയിൽ തയ്യാറാക്കി സൂക്ഷിച്ചാൽ മാത്രമേ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന തൊഴിൽ നികുതിയും ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ. സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ തൊഴിൽ നികുതി പിരിച്ചെടുത്തതിന്റെ കൃത്യത ഉറപ്പ് വരുത്താൻ ഓഡിറ്റിന് സാധിച്ചില്ല

2- തൊഴിൽ നികുതി അടവാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഉദയാ സ്റ്റീൽ ഇൻഡസ്ടീസ് |
| 2 | അജന്ത ഫർണിച്ചർ, രണ്ടത്താണി |
| 3 | ഉദയ പാക്കേജിംഗ് കമ്പനി |
| 4 | നസ്റത്ത് സെകന്ററി സ്കൂൾ |
| 5 | അൽ ഹുദ സെൻട്രൽ സ്കൂൾ |
| 6 | ICDS സൂപ്പർവൈസർ- കുറ്റിപ്പുറം സെക്ഷൻ |

എന്നാൽ ടി സ്ഥാപനങ്ങളിൽ നിന്നും 2015-16 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക സംബന്ധിച്ച് തൊഴിൽ നികുതി കുടിശ്ശിക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാർഷിക ധനകാര്യപത്രികയിൽ 12,990 രൂപ കാണിച്ചിട്ടുണ്ട് , അതേ തുക കുടിശ്ശികയായി 2015-16 ബാലൻസ് ഷീറ്റിലും കാണിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് യാതൊരു രേഖകളും പഞ്ചായത്തിൽ ഇല്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-4 ഡി ആന്റ് ഒ ലൈസൻസ് പുതുക്കലും ഫീസ് പിരിവും- അപാകതകൾ

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുമുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2016-17 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| പുതിയതായി അപേക്ഷിച്ചവർ | പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | | ആകെ |
|---|---|---|---|---|---|
| | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ള സമയം പാലിക്കാതെ വൈകി പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | ആകെ | |
| 138 | 45 | 354 | 53 | 452 | 590 |

ഗ്രാമ പഞ്ചായത്തിലെ കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം തുലോം കുറവാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട /ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ 2016-17 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ 80 %വും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. പുതുക്കാത്ത അപേക്ഷകരുടെ എണ്ണം 53 ആണ്. ഇത് സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് വന്ന വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ

പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് അപൂർണമാണ്. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുന്നു.

അപേക്ഷകളിലെ അന്വേഷണവും തുടർ നടപടികളും

സ്ഥാപനത്തെ പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ സൂക്ഷ്മ പരിശോധന കൂടാതെ സ്വീകരിക്കരുത്. അപേക്ഷയിൽ അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻവർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണെങ്കിൽ കുതിരശക്തിയുടെ അളവും രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയാണ് സ്വീകരിക്കേണ്ടത്.

സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ ലഭ്യത ഉറപ്പാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ മെഡിക്കൽ ഓഫീസർ നൽകുന്ന സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ ആയത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തന്റെ പേഴ്സണൽ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുണ്ട് (66562/RC3/12/തസ്വഭവ തിയ്യതി 10.01.2013).

അപേക്ഷകളിലെ അപാകതകൾ പരിശോധിക്കപ്പെടുന്നില്ല.

പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണന്നും ഉറപ്പുവരുത്താൻ സാധിക്കുന്നു. നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നു. സ്ഥലപരിശോധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു.

ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1000 രൂപ പിഴ ഈടാക്കേണ്ടതാണ് (ചട്ടം 26). ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചട്ടപ്രകാരമുള്ള സമയപരിധിയിൽ പുതുക്കൽ നടപടി സ്വീകരിക്കേണ്ടതാണ്.

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. ചട്ടലംഘനം നടത്തി ലൈസൻസ് വൈകി പുതുക്കാൻ വരുന്നവരിൽ നിന്നും 255ാം വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ ലൈസൻസ് വിതരണം നടത്തേണ്ടതാണ്. വർഷത്തിലുടനീളം ലൈസൻസ് പുതുക്കി കൊടുക്കുക വഴി സെക്ഷന് ജോലി ഭാരം വർദ്ധിക്കുകയും സമയ നഷ്ടവും ഉണ്ടാവുകയും ചെയ്യുന്നു. ഇതിനു പകരം ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് (ഫെബ്രുവരി മാസത്തിൽ) ലൈസൻസ് പുതുക്കുന്ന

ഒരു സമ്പ്രദായം നിലവിൽ വരേണ്ടതാണ്.

ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ കാടാമ്പുഴ, രണ്ടത്താണി എന്നീ പ്രദേശങ്ങളിലേത് മാത്രമേ വന്നിട്ടുള്ളൂ. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

*ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.*

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന്റെ 1.72 കോടി കാലഹരണപ്പെട്ടു (Lapsed)

ഗ്രാമ പഞ്ചായത്തിന് വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ ലഭിച്ച 4.03 കോടി (4,03,00,048) രൂപയിൽ 1.72 കോടി (172,27,158) രൂപ, സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ വിനിയോഗിക്കാൻ സാധിച്ചില്ല.അംഗീകാരം ലഭിച്ച 265പ്രൊജക്ടുകളിൽ 116എണ്ണം ആവർഷം നടപ്പാക്കി എന്നതു ആശാസ്യമല്ല. ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്.

ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിന് പ്ലാൻഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം,ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ 4.03 കോടി രൂപ വരവുണ്ടായിരുന്നു. എന്നാൽ ഇതിൽ 2.30 കോടി (2,30,72,890) രൂപയുടെ പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്.

ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തിയില്ല. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്ന് പിന്നോട്ട് നിൽക്കുന്നതിനും കാരണമാകുന്നതാണ്. സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ രൂപീകരിച്ച് ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1.പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | വരവ് തുക | ചെലവ് | നീക്കിയിരിപ്പ് | ചെലവു |
|---|---|---|---|---|

| | (അലോട്ട്മെന്റ്) | തുക | (സർക്കാർ പിൻവലിച്ചത്) | ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1,46,40,958 | 1,37,61,615 | 8,79,343 | 94% |
| വികസന ഫണ്ട് (എസ്.സി.പി) | 22,96,014 | 22,96,014 | 0 | 100% |
| വികസന ഫണ്ട് (ടി.എസ്.പി) | 19,050 | 19,050 | 0 | 100% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 93,61,191 | 12,86,831 | 80,74,360 | 14% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 40,11,624 | 18,08,270 | 22,03,354 | 45% |
| ധനകാര്യ കമ്മീഷൻ അവാർഡ് | 82,10,901 | 26,30,802 | 55,80,099 | 32% |
| ലോക ബാങ്ക് സഹായം | 17,60,310 | 12,70,308 | 4,90,002 | 72% |
| ആകെ | 4,03,00,048 | 2,30,72,890 | 172,27,158 | 57% |

2.മേഖല അടിസ്ഥാനത്തിലുള്ള ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ഉൽപ്പാദന, സേവന, പശ്ചാത്തല മേഖലകളിൽ സാമ്പത്തിക വർഷം നടപ്പാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും അംഗീകാരം ലഭിച്ച പദ്ധതികളുടെയും നിർവ്വഹണം നടത്തിയതിന്റെയും വിവരം താഴെ ചേർക്കുന്നു.

| മേഖല | പൊതുവിഭാഗം | | പട്ടിക ജാതി വിഭാഗം | | പട്ടിക വർഗ വിഭാഗം | | ആകെ | | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|
| | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് | |
| ഉൽപ്പാദനം | 7421500 | 2572694 | 0 | 0 | 0 | 0 | 7421500 | 2572694 | 35 % |
| സേവനം | 36316220 | 18871969 | 3353000 | 2296014 | 0 | 0 | 39669220 | 21167983 | 53 % |
| പശ്ചാതലം | 24305314 | 7174649 | 19050 | 19050 | 0 | 0 | 24324364 | 7193699 | 30% |
| ആകെ | | | | | | | 71415084 | 30934376 | 43 % |

വാർഷിക പദ്ധതികളുടെ ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും അപാകതകൾ മൂലം ഉൽപ്പാദന, സേവന, പശ്ചാതല മേഖലകളിൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പാക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. ആയത് പഞ്ചായത്ത് ഭരണസമിതിയുടേയും നിർവ്വഹണഉദ്യോഗസ്ഥരുടേയും ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-2 ചക്കര ചമ്മാട് കുടിവെള്ള പദ്ധതി - ബാക്കി തുക സഞ്ചിത നിധിയിലേക്ക് അടവാക്കിയില്ല.

2011 – 12 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയ (പ്രോജക്'ട് നം. 105/11-)12 ചക്കര ചമ്മാട് കുടിവെള്ള പദ്ധതിക്ക് വേണ്ടി വികസന ഫണ്ട് (SCP) ഉപയോഗപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയിൽ 19,00,000

(ഡി.ഡി.നം. 157263/2.3.2012) അടവാക്കിയിരുന്നു.

എന്നാൽ പ്രസ്തുത പ്രവർത്തി പൂർത്തീകരിച്ച് ബാലൻസ് തുക ₹ 3,70,626 രൂപ 26.02.2016 ന് 11597500015 രസീതി പ്രകാരം ഗ്രാമപഞ്ചായത്തിന് വാട്ടർ അതോറിറ്റി തിരികെ നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ 3,70,626 രൂപ സർക്കാറിന്റെ സഞ്ചിത നിധിയിൽ അടവാക്കിയിട്ടില്ല

3,70,626 രൂപ സർക്കാറിലേക്ക് അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 04/28.07.2017 നല്കിയിട്ടുണ്ടെങ്കിലും മറിപടി ലഭിച്ചിട്ടില്ല.)

## 3-3 പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മരുന്നുകൾ ലഭ്യമായില്ല

2016-17 സാമ്പത്തിക വർഷങ്ങളിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ വിവിധ പദ്ധതികളിൽ മരുന്നുകൾ വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം തുക ട്രഷറി മുഖേന നേരിട്ട് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ, പേര് | തുക | ബിൽ നമ്പർ/തിയ്യതി |
|---|---|---|
| പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ (171/16) | 3,50,000 | 2/16-17 / 28-03-2017<br>₹ 2,50,000<br>(വികസന ഫണ്ട് -പൊതുവിഭാഗം) |
| | | 3/ 16-17 / 28-03-2017<br>1,00,000 (സംരക്ഷണ ഗ്രാന്റ് - എൻ ആർ) |
| ആകെ | 3,50,000 | |

മരുന്നുകള് ലഭ്യമാക്കുന്നത് വേണ്ടി തുക മുൻകൂർ കൈമാറിയെങ്കിലും കരാറുടമ്പടി വെച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 06/29.07.17 ക്ക് മറുപടിയായി മേൽ ആവശ്യപ്പെട്ട മുഴവൻ മരുന്നുകളും ഒന്നിച്ചു സംഭരിച്ചു വെക്കാനുള്ള സൗകര്യം പി എച്ച് സിയിൽ ഇല്ല എന്നും ഇങ്ങനെ മൊത്തമായി വാങ്ങിക്കുന്നത് മരുന്നുകൾ കാലഹരണപ്പെട്ടു പോകുവാൻ സാധ്യതയുണ്ട് എന്നുമാണ്. ഈ മറുപടി അംഗീകരിക്കുന്നില്ല. മരുന്നുകൾ സൂക്ഷിക്കാനുള്ള സംവിധാനം പഞ്ചായത്ത് ഒരുക്കിക്കൊടുക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കേണ്ടാണ്. 3,50,000/- രൂപയുടെ മരുന്നുകൾ ലഭ്യമാവുന്നതുവരെ തുക തടസത്തിൽ വെക്കുന്നു.

## 3-4 എം.എൻ.ആർ.ഇ.ജി.എസ്-മെറ്റീരിയൽ വർക്കുകൾ- ആദായ നികുതി ഈടാക്കിയിട്ടില്ല

2016-17 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തിയ 24 മെറ്റീരിയൽ വർക്കുകൾക്ക് ആവശ്യമായ സിമന്റ്, എം.സാൻറ്, മെറ്റൽ എന്നിവ സൈറ്റിൽ എത്തിക്കുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. രാജകുമാരന് (0.6% below) പഞ്ചായത്തിന്റെ 2-2-2016 ലെ 4(3) തീരുമാന പ്രകാരം വർക്ക് ഓർഡർ നൽകിയിട്ടുമുണ്ട്. ഇപ്രകാരം ഗ്രാമ പഞ്ചായത്തുമായി 30-6-2016 ന് കരാർ ചമയ്ക്കുകയും മെറ്റീരിയൽ സപ്ലൈ ചെയ്യുകയും ചെയ്തു.

ശ്രീ. രാജകുമാരൻ എന്നവരുടെ അക്കൗണ്ടിലേക്ക് 50,25,177 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 50,25,177 രൂപയിൽ നിന്നും 1% ആദായ നികുതി ഈടാക്കിയിട്ടില്ല.

ആദായ നികുതി കുറവ്ചെയ്യാതെ തുക നൽകിയതിനാൽ കേന്ദ്ര സർക്കാരിന് 50,252 രൂപ നഷ്ടം വന്നിട്ടുണ്ട്. ടി-തുക കരാറുകാരനിൽ നിന്നും ഈടാക്കി ആദായ നികുതി ഹെഡിൽ അടവാക്കേണ്ടതാണ്.

## 3-5 പ്രതീക്ഷ ഡെകെയർ സെൻററിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

2015-16 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി (പ്രൊജക്റ്റ് നമ്പർ-186/16) 9,00,000 രൂപ ചെലവഴിച്ച് മേൽമുറി ജി.എൽ.പി. സ്കൂളിൽ പ്രതീക്ഷാ ഡെ കെയർ സെൻററിന് വേണ്ടി കെട്ടിടം നിർമ്മിച്ചുവെങ്കിലും വൈദ്യുതി കണക്ഷൻ, ശുചീകരണ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭ്യമാവാത്തതിനാൽ ഡെ കെയർ സെൻററിന് വേണ്ടി വാങ്ങിയ ഉപകരണങ്ങൾ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല. സെന്ററിൽ ടീച്ചറുടെ സേവനവും ലഭ്യമാക്കിയിട്ടില്ല. രണ്ട് ആയമാർ മാത്രമാണ് സേവനത്തിനുള്ളത്. 28-7-2017 ന് ഡെ കെയർ സെന്റർ നേരിൽ സന്ദർശിച്ചതിൽ നിലവിൽ 10 ൽ താഴെ കുട്ടികൾ മാത്രമാണുള്ളത് എന്ന് ബോധ്യപ്പെട്ടു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തതിനാലും ടീച്ചറുടെ സേവനം ലഭ്യമല്ലാത്തതിനാലുമാണ് വാഹന സൗകര്യം ഒരുക്കിയിട്ടും കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടുള്ളതെന്ന് സന്ദർശന വേളയിൽ രക്ഷിതാക്കൾ വ്യക്തമാക്കി. അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഒരുക്കിയും ടീച്ചറുടെ സേവനം ലഭ്യമാക്കിയും പ്രതീക്ഷ ഡെ കെയർ സെൻററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 3-6 ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ ലഭ്യമായില്ല

മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) 2,50,000/- രൂപ വകയിരുത്തി സെക്രട്ടറി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ പ്രൊജക്ടിൽ 82,385/- രൂപയുടെ മരുന്നുകൾ നാളിതുവരെയും ലഭിച്ചതായി കാണുന്നില്ല. ബിൽ നമ്പർ 126/16-17 തിയതി 15.02.17 പ്രകാരം തുക പിൻവലിച്ച് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് രണ്ട് ലക്ഷത്തി അൻപതിനായിരം രൂപയുടെ ഡി.ഡി നല്കിയിട്ടുണ്ട്. (ഡി.ഡി നമ്പർ 624578/17.12.16). എന്നാൽ 1,67,615/- രൂപയുടെ മരുന്നുകളെ ലഭ്യമായിട്ടുള്ളൂ. കൂടാതെ സ്ഥാപനവുമായി എഗ്രിമെന്റ് വെച്ചതായും കാണുന്നില്ല. 82,385/- രൂപയുടെ മരുന്നുകൾ ലഭ്യമാവുന്നതുവരെ തുക തടസത്തിൽ വെക്കുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 07/29.07.17 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല)

## 3-7 കേരളോത്സവം - മുഴുവൻ ചെലവ് രേഖകളും ലഭ്യമായിട്ടില്ല

2016-17 വർഷത്തിലെ കേരളോത്സവ നടത്തിപ്പിന്നായി താഴെ പറയുന്ന പ്രകാരം 65,000/- രൂപ രണ്ട് വൗച്ചറുകളിലായി (Vr. 2160016/9.1.17, 21600896/28.3.17) യൂത്ത് കോ-ഓർഡനേറ്ററായ ഉമറലി എന്നയാൾക്ക് നല്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെലവിനം | തുക | റിമാർക്സ് |
|---|---|---|---|
| 1 | നോട്ടീസ്, ഫ്ലെക്സ് | 6,450 | |
| 2 | ലൈറ്റ്, സൗണ്ട്സ് | 17,000 | |

| | | | |
|---|---|---|---|
| 3 | ട്രോഫി,സ്റ്റിക്കർ, ഷട്ടിൽ | 14,370 | |
| 4 | വാഹനം | 1,550 | |
| 5 | ഓണറേറിയം-ഒഫീഷ്യൽസ് | 19,000 | |
| 6 | കോർട്ട് ശരിയാക്കിയതിന് | 1,500 | |
| 7 | ഭക്ഷണം | 5,000 | ചെലവ് രേഖകൾ ഇല്ല |
| | ആകെ | 64,870 | |

അപാകതകൾ

1. ചെലവഴിച്ച 64,870 രൂപക്ക് പകരം 65,000/- രൂപ യൂത്ത് കോ-ഓർഡിനേറ്റർക്ക് നല്കിയിട്ടുണ്ട്.

2. ഭക്ഷണമിനത്തിൽ ചെലവഴിച്ച തുകയുടെ (5000) സബ് വൗച്ചറുകൾ ലഭിച്ചിട്ടില്ല. വൗച്ചറുകൾ ലഭ്യമാക്കുന്നത് വരെ തുക തടസ്സത്തിൽ വെക്കുന്നു.

3. ജി.ഒ (ആർടി) 3156/16/LSGD/21.11.16 ഉത്തരവിൽ ഗ്രാമപഞ്ചായത്തിന് 50,000/- രൂപവരെ ചെലവഴിക്കാൻ അനുവാദം നല്കുന്നുണ്ട്. എന്നാൽ ഈയിനത്തിൽ 65,000 രൂപ ചെലവഴിച്ചിട്ടുണ്ട്. അധികം നൽകിയ തുകക്ക്(15000) അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ആദ്യ മറുപടിയിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 08/29.07.17 നല്കിയിട്ടുണ്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

## 3-8 ആനുപാതിക പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല

താഴെ പറയുന്ന ജീവനക്കാർക്ക് 2016-17 വർഷ കാലയളവിൽ ശമ്പള കുടിശ്ശിക/ഇൻക്രിമെന്റ് അരിയർ നല്കിയിട്ടുണ്ട്. ഈ വേതനവർദ്ധനവിന് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | പേര്, തസ്തിക | അടിസ്ഥാന ശമ്പളം (ഡ്യൂ) | അടിസ്ഥാന ശമ്പളം(ഡ്രോൺ) | ബാലൻസ് | പെൻഷൻ കോൺട്രിബ്യൂഷൻ | വൗച്ചർ നമ്പർ |
|---|---|---|---|---|---|---|
| 1 | അനിത ജെ. സ്റ്റീഫൻ, സെക്രട്ടറി | 1,70,100 | 79,560 | 90540 | 13581 | 21600131/1.6.16<br>1.2.16 മുതൽ 30.4.16 വരെയുള്ള ശമ്പളകുടിശിക |
| 2 | -ടി- | 7,11,080 | 6,92,480 | 18,600 | 2,790 | JS തസ്തികയിൽ റേഷ്യോ പ്രൊമോഷൻ 1/14 to 1/16<br>Vr. 21600731/27.2.17 |
| 3 | സജിനി ആഞ്ചലോസ്, ക്ളാർക്ക് | 1,89,900 | 1,84,950 | 4,950 | 743 | 21600578/26.12.16<br>ഇൻക്രിമെന്റ് അരിയർ 2/16 to 10/16 |
| | | | | ആകെ | 17,084 | |

ഓഡിറ്റ് എൻക്വയറി നമ്പർ 09/2017 dt. 29.07.2017 നല്കിയതിൽ മറുപടി ലഭിച്ചിട്ടില്ല. ടി തുക അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 തിരുന്നാവായ കുടിവെള്ളപദ്ധതിക്ക് പൈപ്പ്ലൈൻ നീട്ടൽ - അപാകതകൾ

നിർവഹണം: സെക്രട്ടറി, മാറാക്കര ഗ്രാമപഞ്ചായത്ത്

വൗച്ചർ നമ്പർ 21600892/27.3.17 Rs. 17,46,270/- (Pan Fund)

ചെക്ക് നമ്പർ: 084102/28.03.17 Rs. 9,08,727/- (ഗുണഭോക്തൃവിഹിതം)

പ്ലാൻ ഫണ്ട് 17,46,270/- രൂപയും ഗുണഭോക്തൃവിഹിതം 9,25,000/- രൂപയും വകയിരുത്തി തിരുന്നാവായയിലും സമീപപ്രദേശങ്ങളിലെ പഞ്ചായത്തുകളിലേക്കുമുള്ള ശുദ്ധജലപദ്ധതിയുടെ ഭാഗമായി മാറാക്കര ഗ്രാമപഞ്ചായത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. 27.02.17ലെ A3-624/17 നമ്പർ സെക്രട്ടറിയുടെ കത്തിൽ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കിനല്കാൻ മലപ്പുറം ഭൂജലവകുപ്പിനോട് ആവശ്യപ്പെടുകയും അതനുസരിച്ച് ഒൻപത് ലൈനുകൾക്ക് ഫീസിബിലിറ്റി നല്കുകയും ചെയ്തിട്ടുണ്ട്. 16.03.17ലെ എടപ്പാൾ ഭൂജലവകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഡി.ബി2-797/2000 വാല്യം 2 കത്തിൽ ആവശ്യപ്പെട്ടതുപ്രകാരം എസ്റ്റിമേറ്റ് തുകയായ 27,39,785/- രൂപയിൽ പി.ഡബ്ല്യൂ.ഡി റോഡ് റസ്റ്റോറേഷൻ ചാർജ്ജ് 84,788/- രൂപ കഴിച്ചുള്ള 17,46,270/- രൂപ (Plan Fund) എടപ്പാൾ എസ്.ബി.ടി യിലെ SB-67144691382 നമ്പർ എക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുകയും 9,08,727/- രൂപ (ഗുണഭോക്തൃവിഹിതം) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ചെക്ക് (നമ്പർ 084102/28.3.17 Dist.Co-op.Bank, Malappuram) നല്കുകയും ചെയ്തിട്ടുണ്ട്.

പ്രൊജക്ട് നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഗുണഭോക്തൃവിഹിതമിനത്തിൽ പ്രൊജക്ടിൽ വകയിരുത്തിയ 9,25,000/- രൂപയിലധികം

പിരിച്ചെടുക്കുകയും അതിൽ 9,08,727/- രൂപ വാട്ടർ അതോറിറ്റിക്ക് നല്കുകയുംചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന തുക നാളിതുവരെയും ഗുണഭോക്താക്കൾക്ക് തിരിച്ചുനല്കാതെ തനത് ഫണ്ടിൽ കിടക്കുകയാണ്.ഗുണഭോക്തൃവിഹിതമിനത്തിൽ എത്ര രൂപ പിരിച്ചെടുത്തെന്ന വിവരം ഫയലിൽനിന്നും ലഭ്യമല്ല.

2. പ്രവർത്തി പൂർത്തീകരിച്ചതിന്റെയോ പുരോഗതി വിവരമോ നാളിതുവരെയായി വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തി സംബന്ധിച്ച വിവരം ലഭിക്കുന്നതുവരെ (ഓഡിറ്റ് എൻക്വയറി നമ്പർ 14 /01.08.17) വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 26,54,997/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 3-10 വിനിയോഗവിവരം ലഭിച്ചിട്ടില്ല

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ വിനിയോഗവിവരങ്ങൾ ലഭ്യമല്ല.

| ക്രമ നമ്പർ | പ്രൊജക്ട് | തുക |
|---|---|---|
| 1 | 73/17 ഐ.എ.വൈ അധികവിഹിതം (ജനറൽ) | 6,10,000<br>(Plan Fund) |
| 2 | 80/17 കിഡ്നി വെൽഫയർ സൊസൈറ്റിക്ക് സംഭാവന | 2,00,000<br>(Plan Fund) |
| 3 | 269/17 സാമൂഹ്യസുരക്ഷാമിഷന് വിഹിതം | 2,00,000<br>(Plan Fund} |
| | ആകെ | 10,10,000 |

വിനിയോഗവിവരം ലഭിക്കുന്നതുവരെ ചെലവ് തുക 10,10,000 തടസം ചെയ്യുന്നു.
(ഓഡിറ്റ് എൻക്വയറി നമ്പർ 15/01.08.17 നല്കിയതിൽ മറുപടി ലഭിച്ചിട്ടില്ല)

## 3-11 ആശ്രയപദ്ധതി പ്രവർത്തനങ്ങൾ ആശാവഹമല്ല

ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതിയിൽ അഗതികൾക്കുവേണ്ടി പരിചരണസേവനങ്ങളുടെ പാക്കേജ് ഉറപ്പാക്കി അവർക്ക് എല്ലാവിധ പരിരക്ഷകളും നല്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് ആവിഷ്കരിച്ച് നടപ്പാക്കിയതാണ് ഈ പദ്ധതി. ഇതിന് കുടുംബശ്രീ ദാരിദ്രലഘൂകരണ മിഷൻ ആവിഷ്കരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ അഗതികുടുംബങ്ങളെയും കണ്ടെത്തുകയും ഒൻപത് ക്ളേശഘടകങ്ങളിൽ ഏഴെണ്ണമെങ്കിലും ബാധകമായ എല്ലാ കുടുംബങ്ങളെയും പട്ടികയിൽ ഉൾപ്പെടുത്തുകയും അവർക്ക് ആനുകൂല്യം ലഭ്യമാക്കുകയുമാണ് ചെയ്തുവരുന്നത്.

03.10.2015ലെ സ.ഉ (സാധാ) 3016/2015/തസ്വഭവ ഉത്തരവ് പ്രകാരം മാറാക്കര ഗ്രാമപഞ്ചായത്തിൽ രണ്ടാംഘട്ട ആശ്രയപദ്ധതിക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം 121 അഗതികുടുംബങ്ങൾക്ക് സേവനം നല്കുന്നതിനാണ് പദ്ധതിക്കാലയളവിൽ (2015-16 മുതൽ 2017-18 വരെ) ലക്ഷ്യമിട്ടിട്ടുള്ളത്. ഈ മൂന്ന് വർഷങ്ങളിൽ യഥാക്രമം 17,96,450/- രൂപയും 7,08,550/- രൂപയും 5,82,750/- രൂപയും കൂടി ആകെ 30,87,750/- രൂപ അടങ്കലുള്ള പദ്ധതിക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. രണ്ട് വർഷം പൂർത്തിയായപ്പോൾ ലഭിച്ച സേവനങ്ങളുടെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| സേവനം | വകയിരുത്തിയ തുക | ഗുണഭോക്താക്കളുടെ എണ്ണം | സേവനം ലഭിച്ചത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| വീട് ലഭ്യമാക്കൽ | 7,50,000 | 03 | 01 | 1,00,000 | 13% |
| വീട് വാസയോഗ്യമാക്കൽ | 5,75,000 | 23 | 16 | 2,80,000 | 49% |
| ഭക്ഷണം | 12,92,400 | 121 | 43 | 2,49,900 | 19% |
| ചികിത്സ | 1,30,500 | 84 | -- | -- | -- |
| വിദ്യാഭ്യാസം | 2,10,000 | 34 | -- | -- | -- |
| വസ്ത്രം | 1,02,750 | 29 | -- | -- | -- |
| പദ്ധതി രൂപീകരണം | 15,000 | -- | | | |
| മോണിറ്ററിംഗ് | 2,200 | -- | | | |
| അടിയന്തിരാവശ്യ നിർവഹണം(റിസർവ് ഫണ്ട്) | 9,900 | -- | | | |
| ആകെ | 30,87,750 | | | 6,29,900 | 20% |

അംഗീകാരം ലഭിച്ച ആശ്രയ പദ്ധതിക്ക് ഒരു വർഷം മാത്രമെ അവശേഷിക്കുന്നു എന്നിരിക്കെ പദ്ധതിതുകയുടെ 20% മാത്രം ചെലവഴിച്ചത് നിർവഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 3-12 <u>പരിരക്ഷ- പുതുക്കിയ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല</u>

പാലിയേറ്റീവ് പരിചരണത്തിനായി നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ റദ്ദാക്കിക്കൊണ്ട് 29-10-2015- ന് സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ എന്ന നമ്പരിൽ സർക്കാർ പുതിയ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. മേൽ ഉത്തരവിലെ പല നിർദ്ദേശങ്ങളും മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പ്രോജക്റ്റ് നമ്പർ S0163/17' പരിരക്ഷ - പാലിയേറ്റീവ് കെയർ പദ്ധതിയിൽ' പാലിച്ചിട്ടില്ലെ

1) പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് പോകുന്നതിനായി ഒരു പാലിയേറ്റീവ് നിർവ്വഹണ കമ്മറ്റി രൂപീകരിക്കേണ്ടതുണ്ട്. ആയത് രൂപീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

2) 23-08-12 -ലെ സ.ഉ (എം.എസ്)228/2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഫോൺ ചെലവുകൾ വഹിക്കാൻ അനുമതി നൽകുന്നുണ്ടെങ്കിലും പുതുക്കിയ മാർഗ്ഗരേഖയിൽ ഫോൺ ചെലവിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല. ആകെ 1350/- രൂപ ഈയിനത്തിൽ അധികം നൽകിയിട്ടുണ്ട്.(ട്രഷറി സേവിംഗ്സ് ബാങ്ക് ചെക്ക് നമ്പർ 7276978 തീയതി 16-02-17).

3) പുതുക്കിയ മാർഗ്ഗരേഖ 2.5 പ്രാഥമിക പാലിയേറ്റീവ് സേവനം ലഭ്യമാക്കേണ്ടവരുടെ രജിസ്ട്രേഷൻ - ഉപ ഭാഗം 2.5.6 പ്രകാരം "' *ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന* രോഗികളുടെ പേരുവിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്ററിലും മാറ്റം വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്ററ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് ഈ ഉത്തരവ്

പ്രസിദ്ധീകരിച്ച് 60 ദിവസത്തിനു ശേഷം തുക ചിലവഴിക്കാൻ പാടില്ല."എന്നാൽ നാളിതു വരെ *നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന* രോഗികളുടെ പേരുവിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല

4) മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പ്രോജക്റ്റ് നമ്പർ S00163/17' പരിരക്ഷ - പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട് പുതുക്കിയ മാർഗ്ഗരേഖ 2.6.3-(7) പ്രകാരം *ഓരോ ദിവസവും ഗൃഹസന്ദർശനം നടന്ന കഴിഞ്ഞാൽ അന്നുതന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് പാലിയേറ്റീവ് കെയർ നഴ്സ് കംപ്യൂട്ടർ സോഫ്റ്റ്‌വെയർ മുഖേന അപ്‌ലോഡ് ചെയ്യേണ്ടതാണ്. അതിനാവശ്യമായ ഓൺലൈൻ സംവിധാനം ഐ.കെ.എം ലഭ്യമാക്കുന്നതാണ്.* എന്നാൽ നാളിതു വരെ ആയത് ചെയ്യുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 06/29.07.17 ക്ക് മറുപടിയായി പാലിയേറ്റീവ് നിർവ്വഹണ കമ്മറ്റിയും രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കുമെന്നും ഈ വർഷത്തെ പ്രോജക്ടിൽ ഫോൺ ചാർജ്ജ് ഉൾപ്പെടുത്തിയിട്ടില്ല എന്നും വെബ്സൈറ്റിൽ രോഗികളുടെ പേരുവിവരം പ്രസിദ്ധീകരിക്കാനുള്ള നടപടി സ്വീകരിക്കുമെന്നും *അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട് പാലിയേറ്റീവ് കെയർ നഴ്സ് തയ്യാറാക്കുമെന്നും അറിയിച്ചു.* പുതിയ മാർഗ്ഗരേഖ പാലിച്ചു കൊണ്ട് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

## 3-13 മാറാക്കര വിദ്യാഭ്യാസ വികസന കേന്ദ്രം - ഹോണറേറിയം നൽകിയതിലെ അപാകത

മാറാക്കര വിദ്യാഭ്യാസ വികസന കേന്ദ്രം (187/17) പ്രോജക്ടിന്റെ ഭാഗമായി വികസന ഫണ്ട് ഉപയോഗിച്ച് ശ്രീ. സുധീഷ് എം പി എന്നവർക്ക് 5000 രൂപ വെച്ച് 8 മാസത്തേക്ക് (2016 ജൂലൈ മുതൽ 2017 ഫെബ്രുവരി വരെ) 40,000 രൂപ ഹോണറേറിയം ഇനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ടിൽ മറ്റു ചെലവുകൾ ഒന്നും തന്നെ നടത്തിയിട്ടില്ല(ബിൽ നം 3/2016-17 തി 21.03.2017).
പഞ്ചായത്തിന്റെ തന്നെ കെട്ടിടത്തിൽ സാംസ്കാരിക നിലയം എന്ന രീതിയിൽ ഹെഡ്മാസ്റ്ററുടെ ചുമതലയിൽ ഒരു ഓഫീസ് പ്രവർത്തിക്കുകയും , അവിടെ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായി ശ്രീ. സുധീഷ് എം പി എന്നവരെ മാസം 5000 രൂപ വെച്ച് ഹോണറേറിയം നൽകി എന്നല്ലാതെ വിദ്യാഭ്യാസ വികസന കേന്ദ്രം –എന്ന പേരിൽ യാതൊരു പ്രോജക്ടും നടത്തിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിൽ വികസന ഫണ്ട് ഉപയോഗിച്ച് ഹോണറേറിയം നൽകാവുന്ന വിഭാഗത്തിൽപ്പെടാത്തതിനാൽ ടി തുക നിരാകരിക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 22/01.08.17 നല്കിയതിൽ മറുപടി ലഭിച്ചിട്ടില്ല)

## 3-14 എക്സ്പയറി കാലയളവ് പരിശോധിക്കാതെ മൃഗാശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങി

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ( പ്രോജക്റ്റ് നമ്പർ S 0098/17) – ന്റെ ഭാഗമായി മരുന്ന് വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ജെ.എം.ആർ അസോസിയേറ്റ്സ്, വളാഞ്ചേരി എന്ന സ്ഥാപനത്തിന് 15-03-2017 – ന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. സപ്ലൈ ഓർഡറിൽ ഓരോ മരുന്നിനും ചുരുങ്ങിയത് 1 വർഷത്തെ എക്സ്പയറി കാലയളവ് ഡിമാന്റ് ചെയ്തിരുന്നെങ്കിലും മേൽ സ്ഥാപനം ലഭ്യമാക്കിയ താഴെ പറയുന്ന മരുന്നുകളുടെ എക്സ്പയറി കാലയളവ് 1 വർഷത്തിലും താഴെയാണ്.

| ക്രമ നമ്പർ | മരുന്നിന്റെ പേര് | എക്സ്പെയറി തീയതി | അളവ് | യൂണിറ്റ് വില | അകെ വില | ഇൻവോയ്സ് നമ്പർ/ തീയതി | സ്റ്റോക്ക് രജിസ്റ്ററിലെ പേജ് നമ്പർ |
|---|---|---|---|---|---|---|---|
| 1 | Poly - NP | 7/2017 | 10 | 25.60 | 312.84 | 0053(A)/17 | 52 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | /20-03-17 | |
| 2 | Belavit Inj. | 12/17 | 10 | 62.80 | 628 | -ടി- | 51 |
| 3 | Nilbery Inj. | 2/18 | 10 | 93.98 | 939.80 | -ടി- | 62 |
| 4 | Aneket Inj. | 6/17 | 5 | 22 | 110 | -ടി- | 86 |
| 5 | Pololex Inj. | 2/18 | 5 | 144 | 720 | 0053/17 /20-03-17 | 19 |
| ആകെ | | | | | 2711 | | |

ഈ പ്രോജക്ടിനായി 31-03-17 – ലെ ബിൽ നമ്പർ 2/16-17 പ്രകാരം 90,000/- രൂപയും 31-03-17 – ലെ 4/16-17 പ്രകാരം 50,000/- രൂപയുമുൾപ്പെടെ ആകെ 1,40,000 /- രൂപ മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) - ൽ നിന്നും പിൻവലിച്ച് മരുന്ന് വാങ്ങിയിട്ടുണ്ട്.

മേൽ അപാകതകക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 27-07-2017 -ന് നൽകിയ 2 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വെറ്ററിനറി സർജൻ താഴെ പറയും വിധം മറുപടി നൽകിയിട്ടുണ്ട്.

"മരുന്നുകളുടെ എക്സ്പയറി കാലയളവിനെ സംബന്ധിച്ച് പ്രസ്തുത ഏജൻസിക്ക് അടിയന്തിര നിർദ്ദേശം നൽകുകയും ആയതിന് അവർ നൽകിയ മറുപടിയിൽ മേൽ പറഞ്ഞ മരുന്നുകൾ, കൂടിയ എക്സ്പയറി കാലാവധിയുള്ളത് നിലവിൽ മാർക്കറ്റിൽ ലഭ്യമല്ലെന്നും അവ ലഭ്യമാകുന്ന മുറക്ക് മാറ്റി നൽകാമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതിന് സാധിക്കാതെ വരുന്ന പക്ഷം സർക്കാരിന് നഷ്ടം വരാത്ത വിധത്തിൽ കൈകാര്യം ചെയ്യുന്നതിനായി പ്രസ്തുത മരുന്നുകളുടെ ആകെ തുകയായ 2711/- രൂപയുടെ ചെക്ക് കൂടി സമർപ്പിച്ചിട്ടുണ്ട്."

ഓഡിറ്റിൽ പരാമർശിച്ചത് കൊണ്ട് മാത്രമാണ് പ്രസ്തുത സ്ഥാപനം ഇപ്രകാരം 2711/- രൂപയുടെ ചെക്ക് കൈമാറിയിട്ടുള്ളത്. അതൊരു സെക്യൂരിറ്റിയായി കയ്യിൽ വെക്കാനും മരുന്നുകൾ ലഭ്യമാക്കുന്ന മുറക്ക് ചെക്ക് തിരികെ നൽകാനുമുള്ള ആവശ്യം അംഗീകരിക്കാവുന്നതല്ല. ചെക്ക് പ്രകാരമുള്ള തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ആയത് വരെ 2711/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-15 മുൻകൂർ തുക കൈപ്പറ്റിയിട്ടും ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നില്ല

ഉറവിടങ്ങളിൽ വെച്ച് തന്നെ മാലിന്യങ്ങൾ സംസ്കരിക്കുകയെന്ന ലക്ഷ്യത്തോടെ 2016-17 – ൽ വി.ഇ.ഒ.ക്ക് നിർവ്വഹണ ചുമതല നൽകിയ പ്രോജക്ടാണ് 'വ്യക്തികൾക്ക് ബയോ ഗ്യാസ് പ്ലാന്റ്' (നമ്പർ S0208/17) . യൂണിറ്റൊന്നിന് 10,500/- രൂപ ചെലവ് വരുന്ന 112 ബയോഗ്യാസ് യൂണിറ്റുകൾ സ്ഥാപിച്ച് നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. മേൽ പ്രോജക്ടിന്റെ ധനകാര്യ വിശകലനം ചുവടെ കൊടുക്കുന്നു.

വികസന ഫണ്ട് - 10,000

ശുചിത്വ മിഷൻ ഫണ്ട് - 5,60,000

ബ്ലോക്ക് വിഹിതം - 3,00,000

ഗുണഭോക്തൃ വിഹിതം - 3,10,000

ആകെ - 11,80,000

ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ഐ.ആർ.ടി.സി- യുമായി 31-03-2017 – ന് വി.ഇ.ഒ ഒപ്പ് വെച്ച കരാറുടമ്പടി പ്രകാരം യഥാ സമയം ഗുണഭോക്തൃ ലിസ്റ്റും മുൻകൂർ തുകയും നൽകുന്ന മുറക്ക് 3

മാസത്തിനകം പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. പദ്ധതിക്കായി 112 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും 89 ഗുണഭോക്താക്കൾ മാത്രമാണ് ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടുള്ളത്. ഈയിനത്തിൽ ഒരു ഗുണഭോക്താവിൽ നിന്നും 3,000 രൂപ വീതം ആകെ 2,67,000 രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്.

31-03-17 -ലെ 6/16-17 നമ്പർ ബിൽ പ്രകാരം വികസന ഫണ്ടിൽ നിന്നും പിൻവലിച്ച 10,000/- രൂപയും 31-03-17 -ലെ 84109 നമ്പർ ചെക്ക് പ്രകാരം ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും പിൻവലിച്ച 2,25,200/- രൂപയും ഐ.ആർ.ടി.സി-ക്ക് കൈമാറിയിട്ടുണ്ട്. അടങ്കൽ തുകയുടെ 20% മുൻകൂറായി നൽകാവുന്നതും ആയതിന്റെ 90% വിനിയോഗിച്ച സർട്ടിഫിക്കറ്റ് നൽകുന്ന മുറക്ക് അടുത്ത ഗഡു നൽകാവുന്നതുമാണ് എങ്കിലും നാളിത് വരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

പ്രവൃത്തി ആരംഭിക്കാനുള്ള കാല താമസത്തിന് വിശദികരണം ആവശ്യപ്പെട്ട് 01-08-2017 -ന് നൽകിയ 17 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വി.ഇ.ഒ ലഭ്യമാക്കിയ മറുപടിയിൽ ഈ പദ്ധതി തയ്യാറാക്കുമ്പോൾ സബ്സിഡി 10% ആയിരുന്നെന്നും നിർവ്വഹണം നടത്തുന്ന സമയമായപ്പോൾ സബ്സിഡി നിരക്ക് മാറുകയും തൽഫലമായി ഗുണഭോക്താക്കൾ കൊഴിഞ്ഞു പോവുകയുമാണുണ്ടായതെന്ന് അറിയിച്ചിട്ടുണ്ട്. ജി.എസ്.ടി നിലവിൽ വന്നത് മൂലമുള്ള സാങ്കേതിക കാരണങ്ങളാലാണ് ബയോഗ്യാസ് പ്ലാന്റുകൾ എത്താൻ വൈകിയതെന്നും 05-08-2017 -ന് 40 യൂണിറ്റുകൾ ഐ.ആർ.ടി.സി ഗുണഭോക്താക്കൾക്ക് എത്തിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

16-11-13 -ലെ സ.ഉ(എം.എസ്)362/2013 -ലും 11-01-16 -ലെ സ.ഉ (എം.എസ്) 4/2016 -ലും ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്ക് 75% സബ്സിഡി അനുവദിക്കാനാണ് നിർദ്ദേശമുള്ളത്. അത് കൊണ്ട് തന്നെ നിർവ്വഹണം നടത്തുന്ന സമയമായപ്പോൾ സബ്സിഡി നിരക്ക് മാറി എന്ന വി.ഇ.ഒ – യുടെ മറുപടി തെറ്റിദ്ധാരണാജനകമാണ്. 31-03-17 – ന് മുൻകൂർ തുക കൈപ്പറ്റിയ ഐ.ആർ.ടി.സി 01-07-17 – ന് നിലവിൽ വന്ന ജി.എസ്.ടി - യുടെ പേരിൽ സാങ്കേതിക തടസ്സമെന്ന വാദം ഉന്നയിക്കുന്നതും ശരിയല്ല. ഗുണഭോക്താക്കൾ കൊഴിഞ്ഞുപോയ സ്ഥിതിക്ക് മുൻകൂർ തുക ആനുപാതികമായി മാത്രമേ നൽകേണ്ടതുള്ളൂ. മുൻകൂറായി 2,35,000 കൈപ്പറ്റി 4 മാസം കഴിഞ്ഞിട്ടും പ്ലാന്റുകൾ സ്ഥാപിക്കാതെ 89 യൂണിറ്റുകൾക്ക് പകരം 40 യൂണിറ്റുകൾ ഉടൻ സ്ഥാപിക്കുന്നതാണെന്ന മറുപടിയും അംഗീകരിക്കാവുന്നതല്ല. മുഴുവൻ പ്ലാന്റുകളും സ്ഥാപിച്ച് തുക വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 2,35,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-16 ഗുണഭോക്തൃ വിഹിതം ഈടാക്കാതെ ഗ്രോബാഗ് വിതരണം ചെയ്തു

07-01-2017 – ലെ സർക്കാർ ഉത്തരവ് (ആർ.ടി) 50/2017 പ്രകാരം പച്ചക്കറി കൃഷിക്ക് ഗ്രോബാഗ്, വിത്ത്, മിക്സ്ചർ എന്നിവയടക്കം നൽകുന്നതിന് 75% സബ്സിഡി(പരമാവധി - 60 രൂപ) നൽകാവുന്നതാണ്.

2016-17 -ൽ വികസന ഫണ്ടിൽ നിന്നും 60,000 രൂപയും ഗുണഭോക്തൃ വിഹിതം 1,35,000രൂപയും വകയിരുത്തി തയ്യാറാക്കിയ ഗ്രോബാഗ് വിതരണിന്റെ ഭാഗമായി (പ്രോജക്ട് നമ്പർ S0214/17) മലബാർ അഗ്രോ ആർമി എന്ന സ്ഥാപനത്തിന്റെ 29-03-17 -ലെ 01/16-17 നമ്പർ ഇൻവോയ്സ് പ്രകാരം 65 രൂപ വിലയുള്ള 90 ഗ്രോബാഗുകൾ വാങ്ങിയിട്ടുണ്ട്. ഇതിന്റെ വിലയായ 5850 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ 31-03-17 -ലെ 7/16-17നമ്പർ ബിൽ പ്രകാരം വികസന ഫണ്ടിൽ നിന്നും, പിൻവലിച്ച് മേൽ സ്ഥാപനത്തിന് നൽകിയിരുന്നു. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 8 ഗുണഭോക്താക്കൾക്കായി ഇവ വിതരണം ചെയ്തതായി കാണുന്നുണ്ടെങ്കിലും ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം വാങ്ങിയതിന്റെ വിവരം ഫയലിലില്ല. ഗുണഭോക്തൃ വിഹിതം വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് 29-07-2017 – ന് നൽകിയ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കൃഷി ഓഫീസർ മറുപടി നൽകിയിട്ടില്ല. ആയതിനാൽ ഗുണഭോക്തൃ വിഹിതം ഈടാക്കാതെ ഗ്രോബാഗുകൾ വിതരണം ചെയ്തത് വഴിയുണ്ടായ നഷ്ടം 1463/- രൂപ ഉത്തരവാദിയായ കൃഷി

ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-17 വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

2016-17 – ൽ പാർപ്പിട മേഖലയിൽ നടപ്പാക്കുന്നതിനായി തയ്യാറാക്കിയ 15 പ്രോജക്ടുകളിൽ 9 പ്രോജക്ടുകൾ വി.ഇ.ഒ നിർവ്വഹണം നടത്തിയിട്ടുണ്ട്. 24-07-2017 – ന് ആരംഭിച്ച ഓഡിറ്റിനായി രേഖകൾ ഹാജരാക്കാൻ നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ -യോട് നിരന്തരം ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കാത്തതിനെ തുടർന്ന് 28-07-17 – നകം മുഴുവൻ ചെലവ് രേഖകളും ഹാജരാക്കാൻ നിർദ്ദേശിച്ച് കൊണ്ട് 26-07-17 – ന് ഓഡിറ്റ് റിക്വിസിഷൻ നൽകിയിരുന്നു. തുടർന്ന് 28-07-17 - ന് ഹാജരാക്കിയ ചെലവ് രേഖകൾ അപൂർണ്ണവും പരിശോധിക്കാൻ പാകത്തിലല്ലെന്നും കാണുന്നു. ചെലവ് രേഖകളുടെ സൂക്ഷിപ്പ് ഒട്ടും സുതാര്യമല്ല. ഓരോ പ്രോജക്ടുകളുമായി ബന്ധപ്പെട്ടും ട്രഷറി/ബാങ്കിൽ നിന്നും മാറുന്ന ബില്ലുകളുടെ ഓഫീസ് കോപ്പി സൂക്ഷിക്കുകയോ കാഷ്ബുക്കിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്യാത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വിവിധ പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ/പേര് | ബിൽ നമ്പർ/തീയതി | തുക | ഫണ്ടിനം | അപാകതകൾ |
|---|---|---|---|---|
| 14/17 കക്കൂസ് നിർമ്മാണം | 2/16-17/ 31-01-17 | 4,77,400 | വികസനം | 1- വി.ഇ.ഒ- യുടെ പേരിലുള്ള 090431201000008 നമ്പർ അക്കൗണ്ടിന്റെ പാസ്ബുക്ക് പ്രകാരം 20-10-16 – ന് 4,77,400 രൂപ അക്കൗണ്ടിൽ വന്നിട്ടുണ്ട്. എന്നാൽ ഇത്രയും തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് മാറ്റിയതായി കാണുന്നില്ല. ധനസഹായ തുക അക്കൗണ്ടിലൂടെ നൽകണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.<br>2- ഗുണഭോക്താക്കൾക്ക് ചെക്ക് വഴിയാണ് ധനസഹായ തുക കൈമാറിയിട്ടുള്ളതെന്ന് വി.ഇ.ഒ അറിയിച്ചെങ്കിലും ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ ചെക്ക് നമ്പർ/തീയതി തുടങ്ങിയ വിവരങ്ങൾ ചേർത്തിട്ടില്ല.<br>3- താഴെ പറയുന്ന ഗുണഭോക്താക്കൾ മുൻകൂർ തുകയായി 13,000 രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | വീതം കൈപ്പറ്റി നാളിത് വരെയായിട്ടും പണി പൂർത്തീകരിച്ചിട്ടില്ല.<br>ശ്രീ.ചന്ദ്രൻ,ചെമ്പന്മാരിൽ<br>ശ്രീ.കുട്ടിയാലി പാലക്കത്തൊടി<br>ശ്രീമതി.രമണി കണ്ണംപറമ്പിൽ<br>ശ്രീമതി.കാർത്ത്യായനി പാങ്ങോടൻ<br>ശ്രീ.മുരളീധരൻ അരിപ്രത്തൊടി<br>ശ്രീമതി.സരോജിനി പട്ടക്കോട്ട് പറമ്പ്<br>ശ്രീമതി.ഇത്താച്ചു ചക്കൻതൊടി<br>ശ്രീ.സുരേഷ് അരിപ്രത്തൊടി<br>ശ്രീമതി.സുമയ്യ വാഴയിൽ<br>ശ്രീമതി.മറിയാമ്മു ചേലക്കുത്ത് | |

| | | | | |
|---|---|---|---|---|
| 209/17 ഭവന പുനരുദ്ധാരണം(വനിത) | 4/16-17/ 31-03-17 | 10,00,000 | വികസനം | 1- 25,000 രൂപ വീതം 40 ഗുണഭോക്താക്കൾക്ക് നൽകാനായി പിൻവലിച്ച തുകയിൽ ആകെ 37 ഗുണഭോക്താക്കൾക്കേ ധനസഹായം നൽകിയതായി രജിസ്റ്ററിൽ കാണിച്ചിട്ടുള്ളൂ. ട്രഷറി ബില്ലിന്റെ പകർപ്പ്, ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് എന്നിവ സൂക്ഷിച്ചിട്ടില്ല.<br><br>2- ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകളില്ല.<br><br>3- 10,00,000 രൂപയിൽ അവശേഷിക്കുന്ന 3 ഗുണഭോക്താക്കൾക്കുള്ള തുക 75,000 രൂപ ട്രഷറിയിൽ നിന്നും വി.ഇ.ഒ – യുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടിരിക്കുകയാണ്. ടി തുക നാളിത് വരെ ചെലവഴിക്കുകയോ തിരിച്ചടക്കുകയോ ചെയ്തിട്ടില്ല.<br><br>4- പുതിയ വീട് നിർമ്മിച്ച് 12 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ. ആയത് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.<br><br>5- ഉടമസ്ഥൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഫയലിലില്ല.<br><br>6- വരുമാന പരിധി കാണിക്കുന്ന രേഖകൾ വാങ്ങിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | | 7- എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റില്ല.<br>8- മോണിറ്ററിംഗ് റിപ്പോർട്ടില്ല. |
| 207/17 ഭവന പുനരുദ്ധാരണം | 1/16-17/ 31-01-17 | 80,000 | ധന കാര്യ കമ്മീഷൻ ഗ്രാന്റ് | 1- 10,000 രൂപ വീതം 8 ഗുണഭോക്താക്കൾക്ക് നൽകാനായി പിൻവലിച്ച തുകയിൽ 6 ഗുണഭോക്താക്കൾക്കേ ധനസഹായം നൽകിയതായി രജിസ്റ്ററിൽ കാണിച്ചിട്ടുള്ളൂ. ട്രഷറി ബില്ലിന്റെ പകർപ്പ്, ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് എന്നിവ സൂക്ഷിച്ചിട്ടില്ല.<br>2- ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകളില്ല. |

| | | | | | |
|---|---|---|---|---|---|
| | | | | | 3- 80,000 രൂപയിൽ അവശേഷിക്കുന്ന 2 ഗുണഭോക്താക്കൾക്കുള്ള തുക 20,000 രൂപ ട്രഷറിയിൽ നിന്നും വി.ഇ.ഒ – യുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടിരിക്കുകയാണ്. ടി തുക നാളിത് വരെ ചെലവഴിക്കുകയോ തിരിച്ചടക്കുകയോ ചെയ്തിട്ടില്ല.<br>4- പുതിയ വീട് നിർമ്മിച്ച് 12 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ. ആയത് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.<br>5- ഉടമസ്ഥൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഫയലിലില്ല.<br>6- വരുമാന പരിധി കാണിക്കുന്ന രേഖകൾ വാങ്ങിയിട്ടില്ല.<br>7- എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റില്ല.<br>8- മോണിറ്ററിംഗ് റിപ്പോർട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | | |
| 203/17 ഭവന പുനരുദ്ധാരണം(വനിത) | 5/16-17/ 31-03-17 | 25,000 | ധന കാര്യ കമ്മീഷൻ ഗ്രാന്റ് | 1-ട്രഷറി ബില്ലിന്റെ പകർപ്പ്, ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് എന്നിവ സൂക്ഷിച്ചിട്ടില്ല.<br>2- ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകളില്ല. |
| 203/17 ഭവന നിർമ്മാണം (ജനറൽ) | 5/16-17/ 31-03-17 | 30,000 | വികസനം | -ടി- |
| 199/17, വീട് പുനരുദ്ധാരണം (ജനറൽ) | ചെക്ക് നമ്പർ 2487701/ 31-03-17 | 4,00,000 | തനത് | ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. തുക പിൻവലിച്ച ട്രഷറി ചെക്ക് നമ്പർ/ തീയതി, ബില്ലിന്റെ പകർപ്പ്, ധനസഹായം നൽകേണ്ട ഗുണഭോക്താക്കളുടെ പേര് വിവരം, ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത വിവരം,, പ്രവൃത്തിയുടെ വാല്യൂവേഷൻ, മോണിറ്ററിംഗ് തുടങ്ങിയവ ലഭ്യമല്ല. |

| | | | | |
|---|---|---|---|---|
| 201/17, വീട് നിർമ്മാണം (ജനറൽ) | ചെക്ക് നമ്പർ 4755/ 27-10-16<br>2487702/ 31-03-17 | 4,00,000<br>1,85,000 | തനത് | -ടി- |
| ആകെ | | 25,97,400 | | |

ചെലവഴിക്കാതെ വി.ഇ.ഒ.യുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക 95,000/-രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കുന്നതുവരെ വി.ഇ.ഒ.യുടെ ബാധ്യതയായി കാണുന്നു. മേൽ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ 01-08-17 -ലെ 16 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയുടെ കൂടെ രേഖകൾ ഹാജരാക്കാത്തതിനാൽ അവശേഷിക്കുന്ന തുക 25,02,400 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-18 കലം കമ്പോസ്റ്റ് - നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ

ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി തയ്യാറാക്കിയ 'കലം കമ്പോസ്റ്റ് '(പ്രോജക്റ്റ് നമ്പർ 217/17) എന്ന പ്രോജക്റ്റിന് 30-01-17 –ന് വെറ്റിംഗ് ഓഫീസറായ ബി.ഡി.ഒ അംഗീകാരം നൽകിയിട്ടുണ്ട്(നമ്പർ - kpm/sbm/18/16-17 ). ഒരു യൂണിറ്റിന് 1000/- രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പ്രോജക്റ്റിൽ ആകെ 1250 കലം കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് താഴെ പറയും പ്രകാരം 12,50,000 രൂപയാണ് ഫണ്ട് വകയിരുത്തിയിരുന്നത്.

വികസന ഫണ്ട് - 1,87,500

ഗുണഭോക്തൃ വിഹിതം - 1,25,000

മറ്റുള്ളവ - 9,37,500

ആകെ -12,50,000

പ്രോജക്റ്റിന് സാങ്കേതിക അനുമതി ലഭിക്കുന്നതിനായി മാറാക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 02-02-17- ലെ എ3/624 നമ്പർ കത്ത് പ്രകാരം മലപ്പുറം ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്ററോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 09-02-17 -ലെ 04/DSM/2017 നമ്പർ കത്ത് പ്രകാരം താഴെ പറയും വിധം ഫണ്ട് വകയിരുത്തുന്നതിന് അനുമതി നൽകി.

ശുചിത്വ മിഷൻ - 4,68,750 (75%)

ഗുണഭോക്തൃ വിഹിതം - 62,500 (10%)

ത.സ്വ.ഭ.വ വിഹിതം - 93750 (15%)

ആകെ - 6,25,000

പ്രോജക്റ്റിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1- ശുചിത്വ മിഷൻ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് 500 രൂപയാണ്. ഇപ്രകാരം അനുമതി നൽകുന്ന തുകയിൽ അധികരിക്കാതെ പദ്ധതി നിർവ്വഹണം നടത്തി ധന വിനിയോഗ സർട്ടിഫിക്കറ്റ് ശുചിത്വ മിഷനിൽ

ലഭ്യമാക്കാനും പ്രസ്തുത അനുമതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ശുചിത്വ മിഷൻ നൽകിയ സാങ്കേതിക അനുമതിയിൽ പരിമിതപ്പെടുത്തി പ്രോജക്റ്റ് റിവൈസ് ചെയ്തിട്ടില്ല.

2- ഈ പ്രോജക്റ്റിന്റെ നിർവ്വഹണ ചുമതല ഐ.ആർ.ടി.സി, മുണ്ടൂരിനെ ഏൽപിച്ചിട്ടുണ്ടെ

ങ്കിലും അവരുമായി ചമച്ച കരാറുടമ്പടി പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

3- 1250 ഗുണഭോക്താക്കൾ ഉണ്ടാകുമെന്ന പ്രതീക്ഷയിൽ പ്രോജക്റ്റ് തയ്യാറാക്കിയെങ്കിലും

ആകെ 269 ഗുണഭോക്താക്കൾ മാത്രമാണ് ഗുണഭോക്തൃ വിഹിതം അടച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ യൂണിറ്റ് കോസ്റ്റായ 500/- രൂപയുടെ 10% ആയ 50/- രൂപയേ ഒരു ഗുണഭോക്താവിൽ നിന്നും വാങ്ങേണ്ടതെന്നിരിക്കെ 100/- രൂപ വീതം വാങ്ങിയ നടപടിയും ക്രമത്തിലല്ല. ഒരു ഗുണഭോക്താവിൽ നിന്ന് മാത്രം 180/- രൂപ വാങ്ങിയിട്ടുമുണ്ട്. ഗുണഭോക്തൃ വിഹിതമിനത്തിൽ ആകെ 26,980 രൂപ പിരിച്ചിട്ടുണ്ട്.

4- ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

5- 31-03-17 -ലെ 3/16-17 നമ്പർ ബിൽ പ്രകാരം വികസന ഫണ്ടിൽ നിന്നും 1,85,000 രൂപ പിൻവലിച്ച് ഐ.ആർ.ടി.സി-ക്ക് കൈമാറിയിട്ടുണ്ട്. കരാറുടമ്പടി ഹാജരാക്കാത്തതിനാൽ പ്രോജക്റ്റ് കോസ്റ്റിന്റെ എത്ര ശതമാനം തുകയാണ് മുൻകൂർ നൽകേണ്ടതെന്നും ഈയിനത്തിൽ അധിക തുക നൽകിയിട്ടുണ്ടോ എന്ന വ്യക്തമല്ല.

6- മുൻകൂർ തുക കൈപ്പറ്റി നാളിത് വരെ ഐ.ആർ.ടി.സി കലം കമ്പോസ്റ്റ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. തുക വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനും രേഖകൾ പരിശോധനക്കായി ഹാജരാക്കാനുമാവശ്യപ്പെട്ട് 01-08-17 -ന് നൽകിയ18 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി തുക നഷ്ടപ്പെടാതിരിക്കാനാണ് , തുക പിൻവലിച്ച് ഐ.ആർ.ടി.സി.ക്ക് നൽകിയതെന്നും ശുചിത്വ മിഷനിൽ നിന്നും യൂണിറ്റ് കോസ്റ്റ് റിവൈസ് ചെയ്ത് കിട്ടുന്ന മുറക്ക് പ്രോജക്റ്റ് നടപ്പിലാക്കുമെന്നുമാണ് അറിയിച്ചിട്ടുള്ളത്. മറുപടി തൃപ്തികരമല്ലാത്തതിനാൽ ചെലവ് തുക 1,85,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-19 തെരുവു നായ നിയന്ത്രണ പദ്ധതി - തുക വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ തെരുവ് നായ്ക്കളുടെ നിയന്ത്രണം (പ്രോജക്റ്റ് നമ്പർ S 0258/17) – ന്റെ ഭാഗമായി 13-03-17 -ലെ 1813664 നമ്പർ ചെക്ക് പ്രകാരം തനതു ഫണ്ടിൽ നിന്നും 1,00,000 രൂപ പിൻവലിച്ച്, മലപ്പുറം മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയരക്ടരുടെ പേരിലുള്ള 799011400000305 എന്ന ട്രഷറി സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 24-1-17ലെ പി4-3632/16 നമ്പർ കത്തിലെ നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയിട്ടുള്ളത്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല. തുക വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് 27-07-2017 -ന് നൽകിയ 3-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മാറാക്കര ഗ്രാമ പഞ്ചായത്ത് ഉൾപ്പെടുന്ന തിരൂർ താലൂക്കിൽ ഈ പദ്ധതി നടന്ന് വരുകയാണെന്നും ആയത് പൂർത്തിയാകുന്ന മുറക്ക് മാത്രമേ ജില്ലാ ഓഫീസിൽ നിന്നും തുക വിനിയോഗ സാക്ഷ്യ പത്രം ലഭിക്കുയുള്ളുവെന്നും വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നത് വരെ 1,00,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-20 ഗ്രാമപഞ്ചായത്ത് ഗ്രന്ഥ ശാല പ്രവർത്തിക്കുന്നില്ല

വിദ്യാഭ്യാസ മേഖലയിൽപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ചുമതലകളിലൊന്നാണ് വായനാശാലയുടെ നടത്തിപ്പും പ്രോൽസാഹനവും. എന്നാൽ പാർട്ട് ടൈം ലൈബ്രേറിയൻ ശ്രീ. അബ്ദുന്നാസർ എന്നവരുടെ സേവനം ലഭ്യമാണന്നിരിക്കേ പഞ്ചായത്തിൽ ഗ്രന്ഥ ശാലയുടെ പ്രവർത്തനം നടക്കാത്ത സാഹചര്യമാണുള്ളത് . 2016-17 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ സാംസ്കാരിക നിലയം ലൈബ്രറിക്ക് പുസ്തകവും റാക്കും വാങ്ങൽ എന്ന പ്രോജക്ടിലൂടെ(277/17)ധനകാര്യ കമ്മീഷൻ ഗ്രാന്റ് 25376 രൂപ ഉപയോഗിച്ച് പുസ്തകങ്ങളും അവ സൂക്ഷിക്കാൻ ഷെൽഫും വാങ്ങിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു

1.പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗ്രന്ഥാലയത്തിന്റെ നിയമാവലി തയ്യാറാക്കിയിട്ടില്ല. ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിക്കേണ്ടതാണ്
2.അംഗത്വ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല
3.ഗ്രന്ഥവിവരപ്പുസ്തകം തയ്യാറാക്കിയിട്ടില്ല.
4.പുസ്തകങ്ങൾ സമ്പൂർണമായി അതിന്റെ Accession Register (സ്റ്റോക്ക് രജിസ്റ്റർ) രേഖപ്പെടുത്തിയിട്ടില്ല. ടി രജിസ്റ്ററിൽ പുസ്തക നമ്പറും , ഗ്രന്ഥ കർത്താവിന്റെ പേരും, പ്രസിദ്ധീകരിച്ച വർഷം , അച്ചടിച്ച സ്ഥലം , അച്ചടിച്ച തിയ്യതി , ISBN നമ്പർ (ലഭ്യമാണെങ്കിൽ) , പുസ്തകത്തിന്റെ വില എന്നിവ കൂടി ടി രജസ്റ്ററിൽ രേഖപ്പെടുത്തേി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല
5. സ്ഥിരം കെട്ടിടം ഇല്ലാത്തതിന്റെ കുറവ്, നിലവിൽ പഞ്ചായത്തിൽ സൗകര്യങ്ങൾ ഒന്നും തന്നെ ഒരുക്കിയിട്ടില്ല.

സ്വന്തമായ കെട്ടിടവും, നിയമാവലിയും മറ്റു അടിസ്ഥാന സൗകര്യങ്ങളും സജ്ജമാക്കി ലൈബ്രറിയുടെ പ്രവർത്തനങ്ങൾ ആധുനിക വൽകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-21 ലൈബ്രറി സെസ് അടവാക്കിയില്ല

സർക്കുലർ നം.10088/എൽ3/05/തസ്വഭവ 20.09.15 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ, ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടക്കണം.ആദ്യ ഗഡു ഏപ്രിൽ 30 ന് അകവും, രണ്ടാം ഗഡു നവംബർ 30 ന് അകവും അടവാക്കണം. എന്നാൽ 2015-16, 2016-17 വർഷങ്ങളിൽ പിരിച്ചെടുത്ത ലൈബ്രറി സെസ്സ് ഓഡിറ്റ് തീയതി വരെ അടച്ചതായി കാണുന്നില്ല. യഥാക്രമം 1,26,763, 1,88,902 എന്നിങ്ങനെ ആകെ 3,15,665 രൂപ രണ്ടു വർഷങ്ങളിലും സെസ്സ് പിരിച്ചെടുത്തിരുന്നു. ലൈബ്രറി സെസ്സ് അടവാക്കിയിട്ടില്ല

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | പ്രൊജക്ട് നം. 272/17 പാലിന് സബ്സിഡി | 0 | 2,00,000 |
| | 2,00,000 | പ്രൊജക്ട് നം. 163/17 പരിരക്ഷ പാലിയേറ്റീവ് പരിചരണം | 89,194 | 1,10,806 |
| | 3,00,000 | പ്രൊജക്ട് നം. 208/17 വ്യക്തികൾക്ക് ബയോഗ്യാസ് പ്ലാന്റ് | 2,25,000 | 75,000 |

| | | | | |
|---|---|---|---|---|
| | 5,00,000 | പ്രൊജക്റ്റ് നം. 267/17ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 5,00,000 | 0 |
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 8,00,000 | മലപ്പുറം ജി എൽ പി എസ്. പ്രതീക്ഷക്ക് വേണ്ടിയുള്ള കെട്ടിടം | 8,00,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ബിൽ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സമ്പൂർണ വൈദ്യൂതീകരണം(291/17) | 21600752 | 325000 | 0 | - | 325000 |
| ജി.ഡബ്ല്യു.ഡി | തിരുനാവായ കുടിവെള്ള പൈപ്പ്ലൈൻ (296/17) | 41600222 | 2654997 | 0 | - | 2654997 |
| കേരള വാട്ടർ അതോറിറ്റി | കുഴൽക്കിണർ റിപ്പയർ (280/17) | 21600740 21600743 | 179892 | 0 | - | 179892 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ (9/2017) | 21600989 തി 21.03.17. 21600878 തി 25.03.17 | 441000 | 0 | - | 441000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വർഷത്തിൽ ലഭിച്ച 137,444 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12 2012-13 | 3(7) | 4,450 | ശ്രീമതി.ബിനിഷ ബി കൃഷി ഓഫീസർ | 11607100446/ 19.04.2016 |
| 1977-78 | 23(a) | 21 | എക്സിക്യൂട്ടീവ് ഓഫീസർ | 11607102066/ 29.06.2016 |

| | | | | |
|---|---|---|---|---|
| 1985-86 | 7 | 50 | എക്സിക്യൂട്ടീവ് ഓഫീസർ | 11607102068/ 29.06.2016 |
| 1992-93 1993-94 | 8(a) | 36 | എക്സിക്യൂട്ടീവ് ഓഫീസർ | 11607102069/ 29.06.2016 |
| 1992-93 1993-94 | 8(c ) (1),(2),(3) | 1475 | എക്സിക്യൂട്ടീവ് ഓഫീസർ | 11607102070/ 29.06.2016 |
| 1992-93 1993-94 | 9(1), 9(2) | 225 | എക്സിക്യൂട്ടീവ് ഓഫീസർ | 11607102071/ 29.06.2016 |
| 1992-93 1993-94 | 11 | 75 | എക്സിക്യൂട്ടീവ് ഓഫീസർ | 11607102072/ 29.06.2016 |
| 1992-93 1993-94 | 26 | 117 | എക്സിക്യൂട്ടീവ് ഓഫീസർ | 11607102073/ 29.06.2016 |
| 1981-82 | 7(b) | 20 | എക്സിക്യൂട്ടീവ് ഓഫീസർ | 11607102074/ 29.06.2016 |
| 1981-82 | 9 | 10 | എക്സിക്യൂട്ടീവ് ഓഫീസർ | 11607102075/ 29.06.2016 |
| 1981-82 | 18 | 15 | എക്സിക്യൂട്ടീവ് ഓഫീസർ | 11607102076/ 29.06.2016 |
| 1971-72 | 18 | 35 | എക്സിക്യൂട്ടീവ് ഓഫീസർ | 11607102091/ 29.06.2016 |
| 1971-72 | 26(b) | 60 | എക്സിക്യൂട്ടീവ് ഓഫീസര് | 11607102092/ 29.06.2016 |
| 2013-14 | 2(1) | 336 | ശ്രീ.കുഞ്ഞീൻ | 11607105176/ 31.10.2016 |
| 2013-14 2014-15 | 3(9) | 130 | ശ്രീ.അബൂബക്കർ | 11607105209/ 31.10.2016 |
| 2013-14 | 2(1) | 260 | ശ്രീ. സൈദലവി | 11607105210/ 31.10.2016 |
| 2013-14 | 2(1) | 250 | ശ്രീ. ക്രിസ്റ്റ്യൻ രാജ് | 11607105288/ 02.11.2016 |
| 2013-14 | 2(1) | 420 | ശ്രീ കുഞ്ഞാലൻ കുട്ടി | 11607105311/ 03.11.2016 |
| 2013-14 | 2(1) | 174 | ശ്രീ.ചാത്തൻ കുട്ടി | 11607105463/ 05.11.2016 |
| 2013-14 2014-15 | 2(1) | 682 | ശ്രീ.അബ്ദുൽ അസീസ് | 11607105827/ 18.11.2016 |
| 2013-14 2014-15 | 2(1) | 245 | ശ്രീ.ഹംസ | 11607105842/ 18.11.2016 |

| | | | | |
|---|---|---|---|---|
| 2013-14<br>2014-15 | 2(1) | 329 | ശ്രീ. സലീം | 11607105914/<br>22.11.2016 |
| 2013-14<br>2014-15 | 2(1) | 148 | ശ്രീ. സൈദലവി | 11607106048/<br>24.11.2016 |
| 2015-16 | - | 600 | ശ്രീമതി.ഷീജ | 11607106226/<br>01.12.2016 |
| 2013-14<br>2014-15 | 2(1) | 257 | ശ്രീ. ദേവദാസൻ | 11607106319/<br>07.12.2016 |
| 2013-14<br>2014-15 | 2(1) | 105 | ശ്രീ.ഹംസ | 11607106321/<br>07.12.2016 |
| 2014-15<br>2015-16 | 2(1) | 940 | ശ്രീ അബ്ദുൽ അസീസ് | 11607106479/<br>16.12.2016 |
| 2014-15<br>2015-16 | 2(1) | 677 | ശ്രീ.ബൈജു | 11607106557/<br>20.12.2016 |
| 2011-12<br>2012-13 | 3(21) | 1,25,000 | ശ്രീമതി പി.എ. പുഷ്പകുമാരി, ഹെഡ്മിസ്ട്രസ് | 11607500017/<br>30.01.2017 |
| 2011-12<br>2012-13 | 2(1) | 302 | ശ്രീ.കുട്ടിരായീൻ | 11607109425/<br>27.03.2017 |
| ആകെ | | 1,37,444 | | |

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്ത് തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,99,34,737 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,55,64,258 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 136463 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 71,27,493 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-13 | 40000 | ശ്രീ.അബ്ദുറഹിമാൻ, ഹെഡ്മാസ്റ്റർ |
| 3-16 | 1463 | ശ്രീമതി.നിമിഷ സാറ ജെയിംസ്, കൃഷി ഓഫീസർ |
| 3-17 | 95000 | ശ്രീ. സുജിത്.എസ്., വി.ഇ.ഒ. |
| ആകെ | 136463 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 3,50,000 | ഡോ.ഗീത എം ടി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-6 | 82,385 | ശ്രീമതി. അനിത.ജെ.സ്റ്റീഫൻ, സെക്രട്ടറി |
| 3-7 | 5,000 | ശ്രീമതി. അനിത.ജെ.സ്റ്റീഫൻ, സെക്രട്ടറി |
| 3-9 | 26,54,997 | ശ്രീമതി. അനിത.ജെ.സ്റ്റീഫൻ, സെക്രട്ടറി |
| 3-10 | 10,10,000 | ശ്രീമതി. അനിത.ജെ.സ്റ്റീഫൻ, സെക്രട്ടറി |
| 3-14 | 2711 | ഡോ. പ്രീത എസ് കറിയ, വെറ്റിനറി സർജൻ |
| 3-15 | 2,35,000 | ശ്രീ.സുജിത്ത് എസ്,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-17 | 25,02,400 | ശ്രീ.സുജിത്ത്.എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-18 | 1,85,000 | ശ്രീ.സുജിത്ത് എസ്,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-19 | 1,00,000 | ഡോ. പ്രീത എസ് കറിയ, വെറ്റിനറി സർജൻ |
| ആകെ | 71,27,493 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 50,252 | ശ്രീമതി. അനിത.ജെ.സ്റ്റീഫൻ, സെക്രട്ടറി |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ- ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.നിമിഷ സാറ ജെയിംസ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ മാറാക്കര ഗ്രാമ പഞ്ചായത്ത് | വെളിയത്ത്ഹൗസ് ആഴൂർ,പത്തനംതിട്ട |
| ശ്രീ.അബ്ദുറഹിമാൻ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, രണ്ടത്താണി | തുറക്കൽ ഹൗസ്, രണ്ടത്താണി.പി.ഒ. മലപ്പുറം ജില്ല |
| ശ്രീ. സുജിത്.എസ്. വി.ഇ.ഒ. | വി.ഇ.ഒ., മാറാക്കര | കക്കയം, കോവൂർ, കോഴിക്കോട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | | |
|---|---|---|
| | | ഖണ്ഡികകളുടെ എണ്ണം |
| 1969-70 | എൽ എഫ് എം7/1403 /94തിയ്യതി 21.07.94 | 3 |
| 1970-71 | എൽ എഫ് എം7/1404/94തിയ്യതി 21.07.94 | 2 |
| 1971-72 | എൽ എഫ് എം7/1405/94തിയ്യതി 22.07.94 | 4 |
| 1972-73 | എൽ എഫ് എം7/1406/94തിയ്യതി 22.07.94 | 3 |
| 1976-77 | എൽ എഫ് എം7/1628/94തിയ്യതി 22.07.94 | 1 |
| 1977-78 | എൽ എഫ് എം7/1629/94തിയ്യതി 22.07.94 | 1 |
| 1978-79 | എൽ എഫ് എം7/1626/94തിയ്യതി 22.07.94 | 4 |
| 1980-81 | എൽ എഫ് എം7/1627/94തിയ്യതി 22.07.94 | 2 |
| 1981-82 | എൽ എഫ് എം7/1843/94തിയ്യതി 22.07.94 | 2 |
| 1982-83 | എൽ എഫ് എം7/1837/94തിയ്യതി 22.07.94 | 5 |
| 1983-84 | എൽ എഫ് എം7/1838/94തിയ്യതി 22.07.94 | 6 |
| 1984-85 | എൽ എഫ് എം7/1839/94തിയ്യതി 22.07.94 | 8 |
| 1985-86 | എൽ എഫ് എം7/1840/94തിയ്യതി 22.07.94 | 7 |
| 1986-87, 1987-88 | എൽ എഫ് എം7/1841/94തിയ്യതി 22.07.94 | 5 |
| 1988-89, 1989-90 | എൽ എഫ് എം7/571/94തിയ്യതി 09.06.94 | 10 |

| | | |
|---|---|---|
| 1990-91 | എൽ എഫ് എം7/609/92തീയ്യതി 10.02.94 | 10 |
| 1991-92 | എൽ എഫ് എം7/195/94തീയ്യതി 10.01.95 | 7 |
| 1992-93 | എൽ എഫ് എം5/771/96തീയ്യതി 26.09.96 | 7 |
| 1994-95 | എൽ എഫ് എം13/1464/99തീയ്യതി 10.02.00 | 10 |
| 1995-96 | എൽ എഫ് എം12/1630/03തീയ്യതി 16.06.04 | 6 |
| 1996-97 | എൽ എഫ് എം12/1631/03തീയ്യതി 16.06.04 | 11 |
| 1997-98 | എൽ എഫ് എം12/1632/03തീയ്യതി 16.06.04 | 7 |
| 1998-99 | എൽ എഫ് എം12/1633/03തീയ്യതി 18.06.04 | 12 |
| 1999-00,2000-01 പ്ലാൻ ഫണ്ട് ചെലവ് | എൽ എഫ് എം12/1634/03തീയ്യതി 19.06.04 | 34 |
| 1999-00 | എൽ എഫ് എം12/493/08തീയ്യതി 09.04.08 | 2 |
| 2000-01 | എൽ എഫ് എം9/494/08തീയ്യതി 09.04.08 | 2 |
| 2001-02 | എൽ എഫ് എം9/495/08തീയ്യതി 09.04.08 | 4 |
| 2002-03 | എൽ എഫ് എം9/496/08തീയ്യതി 07.04.08 | 10 |
| 2003-04 | എൽ എഫ് എം9/497/08തീയ്യതി 09.04.08 | 9 |
| 2004-05 | എൽ എഫ് എം9/498/08തീയ്യതി 03.05.08 | 14 |
| 2005-06 | എൽ എഫ് എം9/515/10തീയ്യതി 06.07.10 | 15 |
| 2006-07 | എൽ എഫ് എം13/2498/11 തീയ്യതി 09.07.12 | 18 |
| 2007-08 | എൽ എഫ് എം13/2499/11 തീയ്യതി 24.01.12 | 12 |
| 2008-09 | എൽ എഫ് എം13/2500/11 തീയ്യതി 24.12.11 | 13 |
| 2009-10,2010-11 | എൽ എഫ് എം13/1169/13 തീയ്യതി 10.12.13 | 17 |

| | | |
|---|---|---|
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം13/3069/15 തി:02.03.2017 | 26 |
| 2013-14;14-15 | കെ.എസ്.എ.എം.പി.എം13/2141/16 തി.09.08.2016 | 20 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം13/51/2017<br>തിയ്യതി 04.02.2017 | 15 |

ഡെപ്യൂട്ടി ഡയറക്ടർ,മലപ്പുറം

mac9/17

## അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം.13/1826/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി -23-08-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാറാക്കര ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

എം.എ.9/17

## അനുബന്ധം -2

# AUDIT CERTIFICATE

No.KSA/MPM/13/1826/2017

Kerala State Audit Department
District office ,Malappuram
Phone: 0483 -2734951
Email: dompm.ksad@kerala.gov.in

Date: 23-08-2017

Certified that I have audited the Annual Financial Statement of Marakkara Grama panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Marakkara Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director
State Audit Department
Malappuram